

# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2026 ജൂൺ 01 – 15

Volume XX Issue 11

## അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക





Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- WEEKLY
www: **timesofamerica.org**
News Cordination: Joychan Puthukulam

Managing Editor: **Mathew George**
Tel: 267-991-2111







# ഗ്രീൻ കാർഡ് ചട്ടങ്ങളിൽ നയം മാറ്റി ഭൂരിഭാഗം പേർക്കും രാജ്യം വിടേണ്ടിവരില്ല

വാഷിങ്ടൺ: യു.എസിൽ സ്ഥിരതാമസാനുമതി അഥവാ ഗ്രീൻ കാർഡ് കാത്തിരിക്കുന്ന വിദേശികൾക്ക് താൽക്കാലിക ആശ്വാസമായി. ഗ്രീൻ കാർഡ് നടപടികൾ പൂർത്തിയാകുന്നതുവരെ അപേക്ഷകർ രാജ്യം വിട്ടുപോകേണ്ടതില്ലെന്ന് യു.എസ് ഹോംലാൻഡ് സെക്യൂരിറ്റി ഡിപ്പാർട്മെന്റ് വ്യക്തമാക്കി.

കഴിഞ്ഞയാഴ്ച യു.എസ് സിറ്റിസൺഷിപ് ആൻഡ് ഇമിഗ്രേഷൻ സർവിസസ് പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾ പ്രവാസി സമൂഹത്തിൽ വലിയ ആശങ്കയുളവാക്കിയിരുന്നു. ഇതിനുപിന്നാലെയാണ് നയത്തിൽ വ്യക്തതയുമായി അധികൃതർ രംഗത്തെത്തിയത്. നിലവിൽ യു.എസിലുള്ള ഭൂരിഭാഗം പേർക്കും രാജ്യത്ത് തുടർന്നുകൊണ്ടുതന്നെ അപേക്ഷ നടപടികളുമായി മുന്നോട്ടുപോകാമെന്നതാണ് പുതിയ വിശദീകരണം. നിലവിലുള്ള നിയമങ്ങളിൽ യാതൊരുവിധ മാറ്റവും വരുത്തിയിട്ടില്ലെന്ന് ഹോംലാൻഡ് സെക്യൂരിറ്റി ഡിപ്പാർട്മെന്റ് വക്താവ് അറിയിച്ചു. അപേക്ഷകർ രാജ്യത്തിന് പുറത്തുപോയി കാത്തിരിക്കണമോ എന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ ഇമിഗ്രേഷൻ ഓഫിസർമാർക്കുള്ള മാനദണ്ഡങ്ങൾ ഓർമിപ്പിക്കുക മാത്രമാണ് പുതിയ സർക്കുലറിലൂടെ ചെയ്തതെന്നും അദ്ദേഹം വ്യക്തമാക്കി.

കുപ്പ് അധികാരികൾ രംഗത്തെത്തിയതോടെ, നിലവിലെ സാഹചര്യത്തിൽ ഭൂരിഭാഗം ഇന്ത്യൻ ഐ.ടി പ്രഫഷനലുകൾ ഉൾപ്പെടെയുള്ള അപേക്ഷകർക്ക് യു.എസിൽ തുടരാനാകുമെന്നാണ് സൂചന

# ഇന്ത്യ അമേരിക്ക വ്യാപാരചർച്ചയ്ക്ക് തുടക്കം

– പ്രസാദ് തീയാടിക്കൽ



ന്യൂഡൽഹി : ഇന്ത്യയും അമേരിക്കയും തമ്മിലുള്ള ഇടക്കാല വ്യാപാര കരാറിനായുള്ള നിർണായക ചർച്ചകൾ ജൂൺ 1 മുതൽ ആരംഭിക്കും. ഇതിന്റെ ഭാഗമായി അമേരിക്കൻ പ്രതിനിധി സംഘം ഇന്ത്യ സന്ദർശിക്കുമെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

രണ്ടു രാജ്യങ്ങളും വ്യാപാരം, നിക്ഷേപം, കയറ്റുമതിഇറക്കുമതി മേഖലകളിലെ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള സാധ്യതകളാണ് പ്രധാനമായും ചർച്ച ചെയ്യുക. കരാർ യാഥാർഥ്യമായാൽ ഇരുരാജ്യങ്ങളുടെയും സാമ്പത്തിക ബന്ധം കൂടുതൽ ശക്തമാകുമെന്നാണ് വിലയിരുത്തൽ.

## ട്രംപിന്റെ ചിത്രം ഉൾപ്പെടുത്തി 250 ഡോളർ നോട്ടിന് നീക്കം; അമേരിക്കയിൽ രാഷ്ട്രീയ ചർച്ചകൾ ശക്തം



വാഷിംഗ്ടൺ: അമേരിക്കൻ മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രമ്പിന്റെ ചിത്രം ഉൾപ്പെടുത്തിയ 250 ഡോളർ നോട്ടിനായുള്ള നടപടികൾ പുരോഗമിക്കുന്നതായി യുഎസ് ട്രഷറി സെക്രട്ടറി സ്കോട്ട് ബസ്സന്റ് അറിയിച്ചു.

അമേരിക്കയുടെ 250ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി പുതിയ നോട്ടിന്റെ രൂപകൽപ്പന പരിഗണിക്കുന്നതായാണ് റിപ്പോർട്ടുകൾ. പ്രാഥമിക ഡിസൈൻ തയ്യാറാക്കിയിട്ടുണ്ടെന്നും വിഷയത്തിൽ കോൺഗ്രസിന്റെ അനുമതി ആവശ്യമായിരിക്കുമെന്നും ട്രഷറി വൃത്തങ്ങൾ വ്യക്തമാക്കി.

നിലവിലെ അമേരിക്കൻ നിയമപ്രകാരം ജീവിച്ചിരിക്കുന്ന വ്യക്തികളുടെ ചിത്രം കറൻസിയിൽ ഉൾപ്പെടുത്താൻ സാധിക്കില്ല. അതിനാൽ നിയമഭേദഗതി കൂടാതെയോ കോൺഗ്രസ് അംഗീകാരം കൂടാതെയോ പദ്ധതി നടപ്പിലാക്കാൻ കഴിയില്ലെന്നാണ് റിപ്പോർട്ട്.

പ്രസ്താവന പുറത്ത് വന്നതോടെ അമേരിക്കൻ രാഷ്ട്രീയ രംഗത്ത് വലിയ ചർച്ചകൾക്കാണ് വഴിയൊരുങ്ങിയത്. ട്രംപ് അനുകൂലികൾ ഇത് ചരിത്രപരമായ തീരുമാനമാകുമെന്ന് അഭിപ്രായപ്പെടുമ്പോൾ വിമർശകർ അമേരിക്കൻ കറൻസി പാരമ്പര്യത്തിന് വിരുദ്ധമാണെന്നാണ് ആരോപിക്കുന്നത്.

## യു.എസ് സൈന്യത്തിന്റെ എം.ക്യു1 ഡ്രോൺ വെടിവെച്ചിട്ടതായി ഇറാൻ ഐആർജിസി

തെഹ്റാൻ: ഇറാന്റെ സമുദ്രപരിധിയിൽ പ്രവേശിച്ച യു.എസ് സൈന്യത്തിന്റെ എം.ക്യു1 ഡ്രോൺ വെടിവെച്ചിട്ടതായി ഇസ്‌ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ് (ഐ.ആർ.ജി.സി). ഇറാന്റെ ഔദ്യോഗിക വാർത്താ മാധ്യമമായ ഐ.ആർ.ഐ. ബി ആണ് വിവരം പുറത്തുവിട്ടത്. ഇറാന്റെ സമുദ്ര അതിർത്തി ലംഘിച്ചെത്തിയ നിരീക്ഷണ ഡ്രോൺ ഉടൻ തന്നെ റെവല്യൂഷണറി ഗാർഡിന്റെ അത്യാധുനിക പ്രതിരോധ മിസൈൽ സംവിധാനങ്ങളുടെ നിരീക്ഷണ വലയത്തിലാവുകയും, തൊട്ടുപിന്നാലെ വെടിവെച്ചിടുകയുമായിരുന്നുവെന്ന് ഐ.ആർ.ജി.സി അറിയിച്ചു.

ഇറാന്റെ പരമാധികാരത്തിന്മേലുള്ള ഏതൊരു കടന്നുകയറ്റവും കടുത്ത രീതിയിൽ നേരിടുമെന്ന് ഐ.ആർ.ജി.സി മുന്നറിയിപ്പ് നൽകി. രാജ്യത്തിനെതിരെയുള്ള ഏത് തരത്തിലുള്ള ആക്രമണങ്ങൾക്കും വരും ദിവസങ്ങളിൽ ശക്തമായ മറുപടി നൽകുമെന്നും ഇറാൻ സൈനിക വൃത്തങ്ങൾ കൂട്ടിച്ചേർത്തു. ഇതോടെ മേഖലയിൽ വീണ്ടും യു.എസ് ഇറാൻ സംഘർഷ സാധ്യത വർധിച്ചിരിക്കുകയാണ്.

ഇറാൻ യു.എസ് സമാധാന കരാർ സംബന്ധിച്ച ചർച്ചകളും വഴിമുട്ടി നിൽക്കുകയാണ്. അനുമതി കൂടാതെ ഹുർമുസ് കടക്കാൻ ശ്രമിക്കുന്ന വാണിജ്യ കപ്പലുകൾക്കും യു.എസ് പടക്കപ്പലുകൾക്കും ഇറാൻ ശക്തമായ താക്കീത് നൽകിയിട്ടുണ്ട്.

സാംസ്കാരികം

അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക

ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം

പി.ഡി.എഫ് ഫയലിനോടൊപ്പം
പ്രതിമാസ സാംസ്കാരിക മാസിക

സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം

www.timesofamericanmalayali.com

ഈ ലക്കത്തിൽ








**പി.ഗോവിന്ദപ്പിള്ളയുടെ ജന്മശതാബ്ദി**

ജോർജ് തഴക്കര

**സ്വജീവിതത്തെ ധന്യമാക്കിയ സുകുമാർ അഴീക്കോട്**

– ബ്രഹ്മശ്രീ ഡോ.സച്ചിദാനന്ദസ്വാമി
ശിവഗിരിമഠം ധർമസംഘം ട്രസ്റ്റ് പ്രസിഡന്റ്

# ഫൊക്കാനയുടെ 2026 കൺവെൻഷൻ സ്മരണികയിലേക്ക് കഥ, കവിത, ലേഖനം ക്ഷണിക്കുന്നു

**- ശ്രീകുമാർ ഉണ്ണിത്താൻ**



ന്യൂ യോർക്ക്: ഫൊക്കാന ഇന്റർനാഷണൽ കൺവെൻഷൻ 2026 ഓഗസ്റ്റ് 6 മുതൽ 9 വരെ പെൻസിൽവേനിയയിലെ പോക്കനോസ് മൗണ്ടൻസിലെ കൽഹാരി റിസോർട്ടിൽ നടക്കുമ്പോൾ അത് ഫൊക്കാനയുടെയും മറ്റ് പ്രവാസി സംഘടനകളുടെയും ചരിത്രത്തിൽ ഇന്നുവരെ കണ്ടിട്ടില്ലാത്ത ഒരു കൺവെൻഷന് സാക്ഷിയാകുന്ന ചരിത്ര നിമിഷത്തിൽ ഫൊക്കാന ഒരു സ്മരണിക പുറത്തിറക്കുന്നു. അതിലേക്ക് കഥ, കവിത, ലേഖനം തുടങ്ങിയവ ക്ഷണിക്കുന്നു.

ഫൊക്കാനയുടെ പ്രവർത്തനം ഒരു ചരിത്ര നാളുകളിലൂടെ കടന്നു പോവുകയാണ്. ഇന്ന് ലോകത്തിലേക്കും ഏറ്റവും വലുതും പുരാതനവുമായ സംഘടനയായ ഫൊക്കാന അതിന്റെ പ്രവർത്തനങ്ങളിൽ കാതലായ മാറ്റം വരുത്തി മുന്നേറുമ്പോൾ അത് പ്രവാസി മലയാളികളുടെ പ്രിയങ്കര സംഘടനയായി മാറിക്കഴിഞ്ഞു. പ്രവാസി സംഘടനകളുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് കൺവെൻഷന് എട്ട് മാസങ്ങൾക്ക് മുൻപ് തന്നെ റിസർവ് ചെയ്ത റൂമുകൾ എല്ലാം തന്നെ സോൾഡ് ഔട്ട് ആകുന്നത്. ഈ കൺവെൻഷനിൽ 4000 ത്തിൽ അധികം ആളുകളെ പ്രതീക്ഷിക്കുന്നു. ചെണ്ട മേളത്തിലും, മോഹിനിയാട്ടത്തിലും രണ്ടു ഗിന്നസ് വേൾഡ് റിക്കാർഡുകൾ ഉൾപ്പെടെ ഒരു വിസ്മയ കൺവെൻഷൻ ആയിരിക്കും എന്ന കാര്യത്തിൽ സംശയം ഇല്ല എന്ന് പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

ഇന്ത്യയുടെ ഉപരാഷ്ട്രപതി, കേരള മുഖ്യമന്ത്രി,കേരളാ ഗവർണർ, ന്യൂ ജേഴ്സി ഗവർണ്ണർ, പദ്മ വിഭൂഷൺ അടൂർ ഗോപാലകൃഷ്ണൻ, പദ്മശ്രീ എം. എ. യൂസഫലി, പദ്മശ്രീ മട്ടന്നൂർ ശങ്കരൻ കുട്ടി, പ്രമുഖ സിനിമ താരങ്ങൾ നവ്യ നായർ, നാദിർഷ, അന്നാ ബെൻ, പ്രൊഫ. ഗോപിനാഥ് മുതുകാട് തുടങ്ങിയ പ്രമുഖർ സാക്ഷ്യം വഹിക്കുന്ന ഈ ചരിത്രപരമായ മുന്നേറ്റത്തിൽ നിങ്ങളും പങ്കാളികളാകുക.

ഫൊക്കാന സോവനീർ പ്രമുഖരുടെ കഥ, കവിത, ലേഖനങ്ങൾ എന്നിവയും ചേരുവകകളായിരിക്കും. അമേരിക്കയിലെ പ്രമുഖരായ എഴുത്തുകാർക്ക് മുൻഗണ നൽകുന്ന സ്മരണികയുടെ പ്രാധമിക പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. നിങ്ങളുടെ കൃതികൾ fokanasouvenir2026@gmail.com എന്ന ഇമെയിലേക്ക് ജൂൺ 15ന് മുൻപായി അയച്ചുതരിക.

ഈ സുവനീറിലേക്ക് കഥ, കവിത, ലേഖനം, നർമ്മം, അനുഭവ വിവരണം, കാർട്ടൂൺ തുടങ്ങിയവയും ക്ഷണിക്കുന്നു. ഇരുനൂറിൽപ്പരം പേജുകളിൽ മേന്മയേറിയ കടലാസിൽ അച്ചടിക്കുന്ന സുവനീറിൽ ഒട്ടനവധി പ്രശസ്ത മലയാളി സാഹിത്യകാരന്മാരുടെ രചനകളും ഉൾപ്പെടുത്തിയിട്ടുണ്ട്. അമേരിക്കൻ മലയാളീ എഴുത്തുകാർക്ക് പ്രാധാന്യം നൽകി പ്രസിദ്ധീകരിക്കുന്ന ഈ സ്മരണിക മലയാള സാഹിത്യ പ്രചരണത്തിനൊപ്പം ഫൊക്കാനയുടെ കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തനങ്ങളും ഇതിൽ സാക്ഷ്യപ്പെടുത്തും.

സംഘടനകളുടേയും ഗുണകാംക്ഷികളുടേയും ആശംസകളും, ബിസിനസ് പരസ്യങ്ങളും, ഫാമിലി ഫോട്ടോകളും സുവനീറിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഇതിലേക്ക് ഏവരുടെയും സഹായ സഹകരണങ്ങൾ അഭ്യർഥിക്കുന്നതായി ചീഫ് എഡിറ്റർ ജോയ് ഇട്ടൻ, സബ് എഡിറ്റേഴ്സ് ലിജോ ജോൺ, കെ. കെ. ജോൺസൺ, കോർഡിനേറ്റർ പ്രവീൺ തോമസ് മറ്റ് എഡിറ്റേഴ്സ് എന്നിവർ അഭ്യർഥിച്ചു.

# ബെൻസൻവിൽ ക്നാനായ ദേവാലയത്തിലെ പ്രധാന തിരുനാൾ 4 മുതൽ 7വരെ

**- ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ദേവാലയത്തിന്റെ പ്രധാന തിരുന്നാൾ ജൂൺ 4 മുതൽ 7 വരെ ഭക്തിനിർഭരമായും ആഘോഷപൂർവ്വമായും നടത്തപ്പെടും. തിരുന്നാളിനോടനുബന്ധിച്ച് മെയ് 28 മുതൽ ജൂൺ 6 വരെ എല്ലാ ദിവസവും വിശുദ്ധ കുർബാനയോടൊപ്പം ഈശോയുടെ തിരുഹൃദയ നൊവേന ഉണ്ടായിരിക്കുന്നതാണ്. ജൂൺ 4 വ്യാഴാഴ്ച വൈകുന്നേരം 5.30ന് സെമിത്തേരിയിൽ മരിച്ചുപോയ വിശ്വാസികൾക്കായി ഒപ്പീസും തുടർന്ന് രാത്രി 7 മണിക്ക് ദേവാലയത്തിൽ വിശുദ്ധ കുർബാനയും നടത്തപ്പെടും.

ജൂൺ 5 വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക് തിരുനാൾ പതാക ഉയർത്തൽ ശുശ്രൂഷ നടക്കും. തുടർന്ന് ഫാ.മെൽവിൻ പോൾ മംഗലത്ത് മുഖ്യകാർമികത്വം വഹിക്കുന്ന ▶3

# വേൾഡ് മലയാളി കൗൺസിൽ അമേരിക്കൻ റീജിയന് നവ നേതൃത്വം



ന്യൂജേഴ്സി: വേൾഡ് മലയാളി കൗൺസിൽ അമേരിക്കൻ റീജിയന്റെ പതിനഞ്ചാമത് ദ്വിവത്സര സമ്മേളനത്തോടനുബന്ധിച്ച് നടന്ന തെരഞ്ഞെടുപ്പിൽ പുതിയ ഭാരവാഹികളെ പ്രഖ്യാപിച്ചു. ഡാളസിൽ നിന്നുള്ള ജോണി കുന്നംപുറം അമേരിക്കൻ റീജിയന്റെ പുതിയ ചെയർമാനായും, സൗത്ത് ജേഴ്സിയിൽ നിന്നുള്ള പിന്റോ കണ്ണമ്പള്ളി പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു. സൗത്ത് ജേഴ്സിയിൽ നിന്നുള്ള അനീഷ് ജെയിംസ് ജനറൽ സെക്രട്ടറിയായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.

മെയ് 15 മുതൽ 17 വരെ ന്യൂജേഴ്സിയിലെ സോമർസെറ്റിലുള്ള ഡെൽറ്റാ ഹോട്ടൽസ് ബൈ മാരിയറ്റിൽ നടന്ന ത്രിദിന സമ്മേളനം വിപുലമായ ജനപങ്കാളിത്തത്തോടെയും വർണാഭമായ പരിപാടികളോടെയും ശ്രദ്ധേയമായി. സൗത്ത് ജേഴ്സി പ്രൊവിൻസ് പ്രസിഡന്റ് ജോൺ സാംസണും നോർത്ത് ജേഴ്സി പ്രൊവിൻസ് പ്രസിഡന്റ് ജിനു തരിയനും കോ കൺവീനർമാരായി സമ്മേളനത്തിന് നേതൃത്വം നൽകി.

ചെയർമാൻ, പ്രസിഡന്റ് സ്ഥാനങ്ങളിലേക്ക് ശക്തമായ മത്സരസാധ്യതകൾ നിലനിന്നിരുന്നുവെങ്കിലും, അവസാന നിമിഷം എതിർ സ്ഥാനാർത്ഥികൾ പത്രിക പിൻവലിച്ചതോടെയാണ് സമവായത്തിലൂടെ പുതിയ നേതൃത്വത്തിന് വഴിയൊരുങ്ങിയത്.

ചെയർമാൻ സ്ഥാനത്തേക്ക് മത്സരിക്കാൻ സാധ്യതയുണ്ടായിരുന്ന ന്യൂയോർക്കിൽ നിന്നുള്ള സാം മാണിക്കരോട്ട്, നോർത്ത് ടെക്സാസിൽ നിന്നുള്ള ശാന്താ പിള്ള എന്നിവർ പത്രിക പിൻവലിച്ചതോടെയാണ് ജോണി കുന്നംപുറം എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടത്.

പ്രസിഡന്റ് സ്ഥാനാർത്ഥിയായിരുന്ന ഫിലാഡൽഫിയയിലെ നൈനാൻ മത്തായി പിന്മാറിയതിനെ തുടർന്ന് പിന്റോ കണ്ണമ്പള്ളി പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.

ചെയർമാനും പ്രസിഡന്റും ഉൾപ്പെടെയുള്ള പ്രധാന സ്ഥാനങ്ങളിൽ സമവായം രൂപപ്പെട്ടെങ്കിലും ജനറൽ സെക്രട്ടറി, ട്രഷറർ സ്ഥാനങ്ങളിലേക്ക് കടുത്ത മത്സരമാണ് അരങ്ങേറിയത്. ഫ്ലോറിഡയിൽ നിന്നുള്ള സ്മിതാമോൾ ഗീവർഗീസ് തോമസിനെ പരാജയപ്പെടുത്തി സൗത്ത് ജേഴ്സിയിൽ നിന്നുള്ള അനീഷ് ജെയിംസ് ജനറൽ സെക്രട്ടറിയായി വീണ്ടും വിജയിച്ചു.

ട്രഷറർ തെരഞ്ഞെടുപ്പിൽ നോർത്ത് ടെക്സാസിൽ നിന്നുള്ള ആൻസി തലച്ചെല്ലൂരിനെ മറികടന്ന് ഒന്റാറിയോയിൽ നിന്നുള്ള നിവിൻ വിൽഫ്രഡ് വിജയിച്ചു. മത്സരത്തിൽ സ്മിതാമോളും ആൻസിയും എട്ട് വോട്ടുകൾ മാത്രം കിട്ടി പിന്നിലായി. തുടർന്ന് സ്മിതാമോള് ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിക്കാനുള്ള ആഗ്രഹം ജനറൽ കൗൺസിലിനെ അറിയിക്കുകയും അത് കമ്മിറ്റി അംഗീകരിക്കുകയുമായിരുന്നു.

ഇതിനുപുറമെ വൈസ് പ്രസിഡന്റ് (അഡ്മിൻ) സ്ഥാനത്തേക്ക് കാലിഫോർണിയയിൽ നിന്നുള്ള ജേക്കബ് എഫ്രേമും, വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് ഫിലാഡൽഫിയയിൽ നിന്നുള്ള ജോസ് ആറ്റുപുറവും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

സമ്മേളനത്തിൽ ന്യൂ ജേർസി അസംബ്ലിമാൻ സ്റ്റെർലി സ്റ്റാൻലി മുഖ്യാതിഥിയായും, സൂപ്പർ ക്ലാസിക് മിസിസ് ഇന്ത്യ 2025ജേതാവായ ഡോ. ആലീസ് മാത്യു വിശിഷ്ടാതിഥിയായും പങ്കെടുത്തു.

മൂന്നുദിവസം നീണ്ടുനിന്ന സമ്മേളനം കലാപരിപാടികൾ, സംഗീതവിരുന്നുകൾ, മെന്റലിസം ഷോകൾ, വിവിധ വിനോദപരിപാടികൾ എന്നിവകൊണ്ട് ശ്രദ്ധേയമായി. ഡോ.സൂസൻ ചാണ്ടിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ശ്രീമാൻ ശ്രീമതിമത്സരം കാണികൾക്ക് ഏറെ പുതുമയും ആവേശവും സമ്മാനിച്ച പ്രധാന ആകർഷണമായി മാറി.

വിപുലമായ ജനപങ്കാളിത്തത്തോടെയും സംഘടനാ ഐക്യത്തിന്റെ ശക്തമായ സന്ദേശത്തോടെയും സമ്മേളനം വിജയകരമായി സമാപിച്ചു. മുൻ ചെയർമാൻ ചാക്കോ കോയിക്കലേത്ത് ഭാരവാഹികൾക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പുതു നേതൃത്വത്തിന് എല്ലാ ആശംസകളും നേർന്ന അദ്ദേഹം, സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണയും വാഗ്ദാനം ചെയ്തു.

മുൻ പ്രസിഡന്റ് ജോൺസൻ തലച്ചെല്ലൂർ, ഗ്ലോബൽ ചെയർമാൻ ഗോപാല പിള്ളൈ, ഡബ്ല്യുഎംസി സ്ഥാപക നേതാക്കന്മാരിൽ ഒരാളായ ആൻഡ്രൂ പാപ്പച്ചൻ, സോമൻ ജോൺ തോമസ് അനിൽ പുത്തൻചിറ, ഷിജോ പൗലോസ്, ബോബിതോമസ് തുടങ്ങിയ പ്രമുഖർ പരിപാടികളിൽ പങ്കെടുത്തു.

അമേരിക്കൻ റീജിയന്റെ പുതിയ ഭാരവാഹികൾ: ചെയർമാൻ ജോണി കുന്നംപുറം (ഡാളസ്), പ്രസിഡന്റ് പിന്റോ കണ്ണമ്പള്ളി (സൗത്ത് ജേഴ്സി), ജനറൽ സെക്രട്ടറി അനീഷ് ജെയിംസ് (സൗത്ത് ജേഴ്സി), ട്രഷറർനിവിൻ വിൽഫ്രഡ് (ഒന്റാറിയോ, കാനഡ), വൈസ് പ്രസിഡന്റ് (അഡ്മിൻ) ജേക്കബ് എഫ്രേം (കാലിഫോർണിയ), വൈസ് പ്രസിഡന്റ് ജോസ് ആറ്റുപുറം (ഫിലാഡൽഫിയ), വൈസ് ചെയർപേഴ്സൺ മിനി നായർ (സതേൺ ആൽബർട്ട), വൈസ് ചെയർമാൻ ജെയിംസ് പീറ്റർ (ഫിലാഡൽഫിയ), ജോയിന്റ് സെക്രട്ടറി സ്മിതാമോൾ ജി. തോമസ് (ഫ്ലോറിഡ), വിമൻസ് ഫോറം പ്രസിഡന്റ് ഡോ. സൂസൻ ചാണ്ടി (സതേൺ ആൽബർട്ട), വിമൻസ് ഫോറം സെക്രട്ടറി ആലീസ് മാഞ്ചേരി (ഫ്ലോറിഡ), യൂത്ത് ഫോറം പ്രസിഡന്റ് ബിബി മോഹൻ (സതേൺ ആൽബർട്ട).

June 1 – Global Day of Parents
Honors parents for their lifelong commitment and sacrifice.
June 1 – World Milk Day
Highlights importance of milk in nutrition and agriculture.
June 3 – World Bicycle Day
Promotes cycling for health and environment.
June 4 – International Day of Innocent Children Victims of Aggression
Raises awareness about children suffering from violence.

## കൊളംബസ് ടസ്കേഴ്സ് ക്യാപിറ്റൽ കപ്പ് ചാമ്പ്യൻസ്, ഐ.എം.വിജയൻ ജേതാക്കൾക്ക് ട്രോഫി സമ്മാനിച്ചു




വാഷിങ്ടൺ ഡി.സി: ക്യാപിറ്റൽ കപ്പ് 2026സോക്കർ ടൂർണമെന്റിലെ ജേതാക്കളായ കൊളംബസ് ടസ്കേഴ്സ് ജേതാക്കളായി.

മേരിലാൻഡിലെ ഒഥല്ലോ റീജിയണൽ പാർക്കിൽ നടന്ന ആവേശകരമായ ഫൈനൽ മത്സരത്തിൽ ആതിഥേയരായ എം.ഡി സ്ട്രൈക്കേഴ്സിനെ 21 ന് പരാജയപ്പെടുത്തിയാണ് ഒഹായോയിൽ നിന്നുള്ള കൊളംബസ് ടസ്കേഴ്സ് കിരീടം സ്വന്തമാക്കിയത്.

ക്യാപ്റ്റൻ ഷിബുവിന്റെ നേതൃത്വത്തിൽ മികച്ച ടീം പ്രകടനം കാഴ്ചവെച്ച കൊളംബസ് ടസ്കേഴ്സ് ഫൈനലിൽ ശക്തമായ പോരാട്ടത്തിനൊടുവിലാണ് ജയം കരസ്ഥമാക്കിയത്.

ടൂർണമെന്റിലെ മറ്റൊരു ശ്രദ്ധേയ മത്സരമായ ചലഞ്ചേഴ്സ് കപ്പ് നോർത്ത് കരോളിനയിൽ നിന്നുള്ള ഷാർലറ്റ് മിന്നൽ സ്റാലി നെ പരാജയപ്പെടുത്തി സ്വന്തമാക്കി. അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രമുഖ മലയാളി ടീമുകൾ പങ്കെടുത്ത ടൂർണമെന്റ് വലിയ ജനപങ്കാളിത്തത്തോടെയും ആവേശത്തോടെയും നടന്നു.

ഇന്ത്യൻ ഫുട്ബോൾ ഇതിഹാസം ഐ.എം. വിജയൻ ഉത്ഘാടനം നിർവഹിച്ച ടൂർണ്ണമെന്റിലെ ഓരോ മത്സരവും ആദ്യാവസാനം ആവേശം കത്തിജ്വലിപ്പിച്ചു.

ഫോമാ, ഫൊക്കാന, കെ.എ.ജി.ഡബ്ല്യുഎ, കെ.സി.എസ്, ബാൾട്ടിമോർ, കൈരളി, വേൾഡ് മലയാളി കൗൺസിൽ തുടങ്ങിയ പ്രവാസി സംഘടനകളുടെ നേതാക്കൾ ചടങ്ങിൽ ആശംസകൾ നേർന്നു.

സമ്മാനദാന ചടങ്ങിൽ മുഖ്യാതിഥിയായ ഐ.എം. വിജയൻ ജേതാക്കൾക്ക് ട്രോഫി വിതരണം ചെയ്തു. ഫുട്ബോളിനോടുള്ള ആവേശവും പ്രവാസി മലയാളികളുടെ ഐക്യവും ഒരുമിച്ചുകൂട്ടിയ ക്യാപിറ്റൽ കപ്പ് 2026, അമേരിക്കൻ മലയാളി കായികരംഗത്ത് പുതിയൊരു മാതൃകയായതായി സംഘാടകർ വ്യക്തമാക്കി.

## ബെൻസൻവിൽ ക്നാനായ ദേവാലയത്തിലെ പ്രധാന തിരുനാൾ 4 മുതൽ 7വരെ

ഇംഗ്ലീഷ് വിശുദ്ധ കുർബാന ഉണ്ടായിരിക്കും. മതബോധന ദിനാചരണം, കലാപരിപാടികൾ, മിഷൻ ലീഗ് കുട്ടികളുടെ ഫുഡ് സെയ്ൽ എന്നിവയും അരങ്ങേറും.

ജൂൺ 6 ശനിയാഴ്ച വൈകുന്നേരം 5ന് മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ഇടവക വികാരി ഫാ. സിജു മുടക്കോടിൽ മുഖ്യകാർമികനായ വിശുദ്ധ കുർബാന നടക്കും. തുടർന്ന് ദർശനസമൂഹത്തിന്റെ നേതൃത്വത്തിൽ കപ്ലോൻ വാഴ്ച, ഇടവക കലാകാരന്മാരുടെ കലാവിരുന്ന്, സെ.വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങളുടെ ആഭിമുഖ്യത്തിലുള്ള ഫുഡ് സെയിൽ എന്നിവ ഉണ്ടായിരിക്കുന്നതാണ്.

ജൂൺ 7 ഞായറാഴ്ച രാവിലെ 10 മണിക്ക് ആഘോഷമായ തിരുന്നാൾ റാസ അർപ്പിക്കപ്പെടും. തിരുഹൃദയ ഇടവക മുൻ വികാരിയും മിയാമി സെന്റ് ജൂഡ് ഇടവക വികാരിയുമായ ഫാ. സജി പിണർകയിൽ മുഖ്യകാർമികനായിരിക്കും. സഹകാർമികരായി ഫാ. ജോനുസ് ചെറുനിലത്ത്, ഫാ. എബ്രാഹം കടുതോടിൽ, ഫാ. തോമസ് മുളവനാൽ എന്നിവർ സംബന്ധിക്കും. സെന്റ് തോമസ് രൂപതാ വികാരി ജനറൽ ഫാ. തോമസ് കടുകപ്പള്ളി വചനസന്ദേശം നൽകും. തുടർന്ന് പ്രദക്ഷിണം, പരിശുദ്ധ കുർബാനയുടെ ആശീർവാദം, ലേലം എന്നിവ നടക്കും. തിരുന്നാളിന്റെ എല്ലാ ഒരുക്കങ്ങൾക്കും ട്രസ്റ്റിമാരായ തോമസ് കുന്നുമ്പുറത്ത്, മത്തിയാസ് പുല്ലാപ്പള്ളിൽ, അബ്രഹാം അരീച്ചിറയിൽ, ജെയ്മോൻ പടിഞ്ഞാറേൽ, എബിൻ കുളത്തിൽകരോട്ട് എന്നിവർ നേതൃത്വം നൽകുന്നു. ഈ വർഷത്തെ തിരുന്നാൾ സീനിയർ മിനിസ്ട്രിയുടെ നേതൃത്വത്തിലാണ് നടത്തപ്പെടുന്നത്. എല്ലാ വിശ്വാസികളെയും തിരുനാൾ ആഘോഷങ്ങളിലേക്ക് സ്വാഗതം ചെയ്യുന്നതായി വികാരി ഫാ. അബ്രഹാം കളരിയ്ക്കൽ അറിയിച്ചു.

June 5 – World Environment Day
One of the most important global environmental events.
June 7 – World Food Safety Day

## ചിക്കാഗോ സെന്റ് മേരീസിലെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം ഭക്തിസാന്ദ്രമായി



**– റോയി ചേലമലയിൽ**


ചിക്കാഗോ : മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഇടവകയിലെ ഈ വർഷത്തെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം മെയ് 24 ഞായറാഴ്ച ഭക്തിസാന്ദ്രമായ തിരുക്കർമ്മങ്ങളോടെ നടത്തപ്പെട്ടു. ഒരു വർഷം നീണ്ടുനിന്ന പഠനത്തിന്റെയും പരിശീലനത്തിന്റെയും സമാപനത്തിൽ 21 കുട്ടികളാണ് ഈ ദിവസത്തിൽ ദിവ്യകാരുണ്യം സ്വീകരിച്ചത്. ഞായറാഴ്ച വൈകുന്നേരം 3:30ന് മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദേവാലയത്തിൽ നടത്തപ്പെട്ട തിരുക്കർമ്മങ്ങളിൽ വികാരി ഫാ. സിജു മുടക്കോടിൽ മുഖ്യ കാർമ്മികനായിരുന്നു.

ക്നാനായ റീജിയൻ ഡയറക്ടറും വികാരി ജനറലുമായ ഫാ.തോമസ് മുളവനാൽ വചന സന്ദേശം നൽകി. അസിസ്റ്റന്റ് വികാരി ഫാ .അനീഷ് മാവേലിപുത്തൻപുരയിൽ, ഫാ.എബ്രഹാം കടുതോടിൽ എന്നിവർ സഹ കാർമ്മികരായിരുന്നു. സെന കാലുങ്കൽ, മിലാന ചെറിയത്തിൽ, എയ്‌ലാ ചോരത്ത്, ജെസ്‌ലെറ്റ് ഇടക്കരപുത്തൻപുരയിൽ, ഇവാലിന ഇടയാടിയിൽ, റീസ് ഇടശ്ശേരിൽ, ഷാർലറ്റ് കൈമൂലയിൽ, കെയ്റ്റൻ കണിയാംപറമ്പിൽ, ഹന്നാ കിഴവള്ളിൽ, അഞ്ജലി കുന്നശ്ശേരി, തിയോമ്യാൽക്കരപ്പുറത്ത്, എൽവിൻ ഒഴുങ്ങാലിൽ, അനബെൽ പനങ്ങാട്ട്, മെൽവിൻ പാറേൽ, ജോഷ് പോളക്കൽ, ആബെൽ പുത്തൻപറമ്പിൽ, നാതൻ താന്നിച്ചുവട്ടിൽ, ഇഷാന തെങ്ങനാട്ട്, മെലിസ്സ വഞ്ചിത്താനത്ത്, എമിലി വണ്ടന്നൂർ, ജോർഡൻ വാണിയകുന്നേൽ എന്നീ 21 കുട്ടികളാണ് ഈ ദിവസത്തിൽ ദിവ്യകാരുണ്യം സ്വീകരിച്ചത്.

തിരുക്കർമ്മങ്ങൾക്ക് ശേഷം വൈകുന്നേരം 6:30 മുതൽ എൽമ്ഹസ്റ്റിൽ ഉള്ള എൽമ് വെസ്റ്റ് ബാങ്കറ്റ് ഹാളിൽ വച്ച് കുട്ടികൾക്കുള്ള സ്വീകരണവും ഡിന്നറും നടത്തപ്പെട്ടു. മാതാപിതാക്കളും കുട്ടികളും ചേർന്ന് ആലപിച്ച പ്രാർത്ഥനാഗാനത്തോടെ യോഗം ആരംഭിച്ചു. ഫാ.തോമസ് മുളവനാൽ, ഫാ.സിജു മുടക്കോടിൽ, കെ.സി.സി.എൻ.എ ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ, കെ.സി.എസ് പ്രസിഡണ്ട് ജോസ് ആനമല, ട്രസ്റ്റീ പ്രതിനിധി ഫെലിക്സ് പാലകൻ, അധ്യാപക പ്രതിനിധി ഫെലിക്സ് പൂതൃക്കയിൽ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

കുട്ടികളെ പരിശീലിപ്പിച്ച അധ്യാപകർക്കു മാതാപിതാക്കളുടെ സ്നേഹോപഹാരങ്ങൾ സമ്മാനിച്ചു. കെ.സി.എസ് ഭാരവാഹികൾ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി. കുട്ടികളും മാതാപിതാക്കളും അവരുടെ കുടുംബാംഗങ്ങളും ചേർന്ന് അവതരിപ്പിച്ച വിവിധ കലാപരിപാടികൾ ഏവരുടെയും മുക്തകണ്ഠ പ്രശംസ ഏറ്റുവാങ്ങി. മാതാപിതാക്കളുടെ കോഓർഡിനേറ്റർ ആയ ജസ്റ്റിൻ തെങ്ങനാട്ട് എംസി ആയി പ്രവർത്തിച്ച ഈ യോഗത്തിനു അസിസ്റ്റന്റ് കോർഡിനേറ്റർ ആയ ഷിജു ചെറിയത്തിൽ സ്വാഗതവും ചാരി വണ്ടന്നൂർ നന്ദിയും രേഖപ്പെടുത്തി. സൺഡേ സ്കൂൾ പ്രിൻസിപ്പൽ സജി പൂതൃക്കയിൽ, അസിസ്റ്റന്റ് പ്രിൻസിപ്പൽ മനീഷ് കൈമൂലയിൽ എന്നിവരുടെയും മാതാപിതാക്കളുടെ കോഓർഡിനേറ്റർ ജസ്റ്റിൻ തെങ്ങനാട്ട്, ഷിജു ചെറിയത്തിൽ, നവീൻ കണിയാംപറമ്പിൽ എന്നിവരുടെയും ബിനു ഇടകര, ജിനു നേടിയകാല എന്നിവരുടെ നേതൃത്വത്തിൽ ഉള്ള മതാധ്യാപകരുടെയും ഇടവകയുടെ കൈക്കാരന്മാരായ സേവ്യർ നടുപ്പറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ എന്നിവരുടെയും നിരവധി വോളന്റീയേഴ്സിന്റെയും നേതൃത്വത്തിൽ ഉള്ള ഒരു ടീമാണ് ഈ പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ചത്.

## ബിഷപ്പ് ഡോ. എബ്രഹാം മാർ പൗലോസിന് ഡോക്ടർ ഓഫ് ഡിവിനിറ്റി ബിരുദം



**– ഷാജി രാമപുരം**

ന്യൂയോർക്ക്: മാർത്തോമ്മ സഭയുടെ നോർത്ത് അമേരിക്ക ഭദ്രാസനാധ്യക്ഷനും, ക്രൈസ്തവ സഭകളുടെ ആഗോള വേദിയായ വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം കൂടിയായ ബിഷപ്പ് ഡോ.എബ്രഹാം മാർ പൗലോസിനെ ന്യൂയോർക്ക് ജനറൽ തിയോളജിക്കൽ സെമിനാരി ഡോക്ടർ ഓഫ് ഡിവിനിറ്റി ബിരുദം നൽകി ആദരിച്ചു.

യുണൈറ്റഡ് സ്റ്റേറ്റ്സിലെ എട്ട് ഔദ്യോഗിക എപ്പിസ്കോപ്പൽ സെമിനാരികളിൽ ഒന്നാണ് ന്യൂയോർക്കിലെ മാൻഹട്ടനിൽ സ്ഥിതിചെയ്യുന്ന ജനറൽ തിയോളജിക്കൽ സെമിനാരി. അമേരിക്കയിലെ പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിലെ ഉന്നത പഠനത്തിനു ശേഷം ബോസ്റ്റൺ യൂണിവേഴ്സിറ്റിയിൽ നിന്ന് ക്രിസ്ത്യൻ എഡ്യൂക്കേഷനിലും ബിഷപ്പ് ഡോ.മാർ പൗലോസ് ഡോക്ടറേറ്റ് നേടിയിട്ടുണ്ട്.

▶4

## ഫോമാ ന്യൂയോർക്ക് മെട്രോ റീജിയണൽ കൺവെൻഷൻ ജൂൺ 6ന് എൽമോണ്ടിൽ

**– മാത്യുക്കുട്ടി ഈശോ**

ന്യൂയോർക്ക്: ഫോമാ ന്യൂയോർക്ക് മെട്രോ റീജിയന്റെ ദ്വൈവാർഷിക റീജിയണൽ കൺവെൻഷനും കുടുംബ സംഗമവും ജൂൺ 6 ശനിയാഴ്ച്ച വൈകിട്ട് 5 മണി മുതൽ എൽമോണ്ടിൽ.

സെൻറ് വിൻസെൻറ് ഡീപോൾ സീറോ മലങ്കര കാത്തലിക് പള്ളി ഓഡിറ്റോറിയത്തിൽ വിവിധ കലാപരിപാടികളോടെ കൺവൻഷൻ നടത്തുന്നതിന് ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

അമേരിക്കയിലെ മലയാളീ സംഘടനകളുടെ സംഘടനയായ ഫോമായുടെ കുടക്കീഴിൽ നൂറിലധികം അംഗ സംഘടനകളുണ്ട്. അതിൽ 11 സംഘടനകൾ അടങ്ങുന്ന ഏറ്റവും ശക്തമായ റീജിയനാണ് ന്യൂയോർക്ക് മെട്രോ. കഴിഞ്ഞ രണ്ടു വർഷക്കാലം മെട്രോ റീജിയന്റെ റീജിയണൽ വൈസ് പ്രസിഡന്റ് ആയിരുന്ന മാത്യു ജോഷ്വയുടെ നേതൃത്വത്തിലുള്ള കമ്മറ്റിയാണ് കൺവെൻഷൻ ക്രമീകരണങ്ങൾ ചെയ്യുന്നത്. കഴിഞ്ഞ രണ്ടു വർഷം ജനശ്രദ്ധ നേടിയ വിവിധ പരിപാടികളാണ് മെട്രോ റീജിയൻ നടത്തിയിട്ടുള്ളത്. അതിൽ ഏറ്റവും ശ്രദ്ധേയമായിരുന്നു കഴിഞ്ഞ വർഷം നൂറു കണക്കിന് സ്പോർട്സ് പ്രേമികൾക്ക് ആവേശം പകർന്ന് നടത്തിയ എൻ. കെ. ലൂക്കോസ് മെമ്മോറിയൽ വോളീബോൾ ടൂർണമെൻറ്.

ഈ കൺവെൻഷൻ വർണ്ണാഭമാക്കുവാൻ വിവിധ നൂതന കലാവിരുന്നുകളാണ് സംഘാടകർ ഒരുക്കുന്നത്. അടുത്ത രണ്ടു വർഷത്തേക്ക് ഫോമായെ നയിക്കുവാൻ ഈ വർഷം നടക്കുന്ന പുതിയ നേതൃത്വ തെരഞ്ഞെടുപ്പിൽ മത്സരാർഥികൾ തമ്മിൽ നടത്തുന്ന സംവാദമായ സ്നേഹപൂർവ്വം മുഖാമുഖം ഡിബേറ്റ് പതിവിൽ നിന്നും വ്യത്യസ്തമായ ശ്രദ്ധേയമായ പരിപാടിയാണ്. കൂടാതെ, ഗ്ലിമ്മർ എന്റർടൈൻമെന്റ് ഗ്രൂപ്പിന്റെ കണ്ണഞ്ചിപ്പിക്കുന്ന സിനിമാറ്റിക് ഫ്യൂഷൻ ഡാൻസ്, ലോങ്ങ് ഐലൻഡ് താളലയം ട്രൂപ്പ് അവതരിപ്പിക്കുന്ന ചെറു നാടകം തുടങ്ങിയ പുതുമയാർന്ന കലാപരിപാടികളും പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ കലാ പരിപാടികളും കൺവെൻഷനും കുടുംബ സംഗമവും കണ്ടാസ്വദിക്കുവാനും അതിൽ പങ്കെടുക്കുവാനും എല്ലാ മലയാളികളെയും സംഘാടകർ ക്ഷണിക്കുന്നു. റീജിയണൽ ചെയർമാൻ ഫിലിപ്പോസ് കെ. ജോസഫ്, ആർ.വി.പി. മാത്യു ജോഷ്വ, റീജിയണൽ സെക്രട്ടറി ബോബി (മാത്യുകെ. ജോഷ്വ), റീജിയണൽ ട്രഷറർ ബിഞ്ചു ജോൺ, നാഷണൽ കമ്മറ്റി അംഗങ്ങളായ എബ്രഹാം ഫിലിപ്പ്, ജോസ് വർഗ്ഗീസ്, ഡോ. ജേക്കബ് തോമസ്, പി.ആർ.ഓ. മാത്യുക്കുട്ടി ഈശോ എന്നിവരെ കൂടാതെ മറ്റ് കമ്മറ്റി അംഗങ്ങളെല്ലാവരും പരിപാടികളുടെ സുഗമമായ നടത്തിപ്പിനായി അക്ഷീണം പ്രവർത്തിക്കുന്നു. പങ്കെടുക്കുന്നവർക്കെല്ലാം സ്വാദിഷ്ടമായ ഡിന്നറും സംഘാടകർ ഒരുക്കുന്നുണ്ട്.

കൂടുതൽ വിവരങ്ങൾക്ക്

മാത്യു ജോഷ്വാ (ആർവിപി) 516 761 2406, ബോബി (റീജനൽ സെക്രട്ടറി) 646 261 6314, ബിൻചു ജോൺ (റീജനൽ ട്രഷറർ) 646 484 6859.

Ensures safe food practices worldwide.
June 8 – World Oceans Day
Promotes sustainable use of marine resources.

## എബ്രഹാം മാർ പൗലോസിന് ഡോക്ടർ ഓഫ് ഡിവിനിറ്റി ബിരുദം

2005 മെയ് 14ന് മാർത്തോമ്മാ സഭയിൽ എപ്പിസ്കോപ്പയായി സ്ഥാനാരോഹണം ചെയ്യപ്പെട്ട ഡോ. മാർ പൗലോസ് കോട്ടയം മാങ്ങാനം സെന്റ് പീറ്റേഴ്സ് മാർത്തോമ്മാ ഇടവകയിലെ കാഞ്ഞിരത്തറ കെ.സി. ഉതുപ്പിന്റെയും സോസമ്മയുടെയും മകനാണ്. ദൈവശാസ്ത്ര പഠനത്തിനിടയിൽ സെറാംപൂർ സർവകലാശാലയുടെ സെനറ്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ട മാർ പൗലോസ് ചെറുപ്പത്തിൽ അഖില കേരള ബാലജന സഖ്യത്തിന്റെ സംസ്ഥാന വൈസ് പ്രസിഡന്റായി പ്രവർത്തിച്ചിരുന്നു. ഈ സമയത്ത് കേരള ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയായിരുന്നു സംസ്ഥാന പ്രസിഡന്റ്.

കഠിനാധ്വാനത്തിനും പ്രതിബദ്ധതയ്ക്കുമുള്ള ദൈവത്തിന്റെ നിയോഗമായാണ് മാർ പൗലോസ് തന്റെ വിളിയെ കണക്കാക്കുന്നത്. കൂടാതെ ദൈവത്തിന്റെ കരുണയിലും സ്നേഹത്തിലും അദ്ദേഹം ശക്തി കണ്ടെത്തുന്നു. വിനയവും ചിട്ടയായ പ്രവർത്തനവും അദ്ദേഹം ശ്രദ്ധിക്കുന്നതിനാൽ, ജനങ്ങളെ കൂടുതൽ കൂടുതൽ അറിയുവാനും അവർക്ക് എന്തെങ്കിലും നന്മ ചെയ്യാനുമുള്ള തിരക്കിലാണ് എപ്പോഴും .

നോർത്ത് അമേരിക്ക ഭദ്രാസനാധ്യക്ഷനായ ബിഷപ്പ് ഡോ.എബ്രഹാം മാർ പൗലോസിന് ന്യൂയോർക്കിലെ എപ്പിസ്കോപ്പൽ സെമിനാരി ഹോണററി ഡോക്ടർ ഓഫ് ഡിവിനിറ്റി ബിരുദം നൽകി ആദരിച്ചതിൽ നോർത്ത് അമേരിക്ക ഭദ്രാസന കൗൺസിലും, ഭദ്രാസനത്തിലെ വൈദീകരും , വിശ്വാസ സമൂഹവും അനുമോദനങ്ങൾ അറിയിച്ചതായി ഭദ്രാസന സെക്രട്ടറി റവ. ജോയൽ സാമുവേൽ തോമസ് അറിയിച്ചു.

## ഫൊക്കാന ടീം ഇന്റഗ്രിറ്റി അംഗങ്ങൾക്ക് വാഷിംഗ്ടണിൽ ഉജ്വല സ്വീകരണം



വാഷിംഗ്ടൺ ഡി.സി: ഫൊക്കാനക്ക് പുതിയ കാഴ്ചപ്പാടും മലയാളി സമൂഹത്തിൽ മാറ്റങ്ങൾക്ക് കാരണമാകുന്ന മികച്ച പ്രവർത്തനങ്ങളും കൂടുതൽ ചാരിറ്റി സേവനങ്ങനളും ലക്ഷ്യമിട്ട് രംഗത്തുള്ള ടീം ഇന്റഗ്രിറ്റിക്ക് വാഷിംഗ്ടൺ ഡി. സി മേഖലയിലെ സംഘടനാ നേതാക്കളും പ്രവർത്തകരും ഹൃദ്യമായ സ്വീകരണം നൽകി. പരസ്പരം ആശയങ്ങൾ പങ്കുവച്ചും സൗഹൃദം പുതുക്കിയും സംഘടനയുടെ ദീർഘകാല നന്മ ലക്ഷ്യമിട്ടും സംഘടിപ്പിച്ച ഒത്തുകൂടൽ മുൻ പ്രസിഡന്റ് ഡോ.ബാബു സ്റ്റീഫൻ അടക്കമുള്ള നേതാക്കളുടെ സജീവ സാന്നിധ്യം കൊണ്ടു ശ്രദ്ധേയമായി.

ടീം ഇന്റഗ്രിറ്റിയുടെ പ്രസിഡന്റ് സ്ഥാനാർഥി ഫിലിപ്പോസ് ഫിലിപ്പ്, സന്തോഷ് നായർ (സെക്രട്ടറി), ആന്റോ വർക്കി (ട്രഷറർ), ഡോ.ഷൈനി രാജു (വിമൻസ് ഫോറം ചെയർ), അപ്പുക്കുട്ടൻ പിള്ള (അസോ. ട്രഷറർ), ഡോ അജു ഉമ്മൻ (അഡീഷണൽ അസോ. സെക്രട്ടറി), ഫോബി പോൾ (ആർ. വി.പി., ന്യു ഇംഗ്ലണ്ട് റീജിയൻ), അജു എബ്രഹാം, ഷൈമി ജേക്കബ്, ആദർശ് രവീന്ദ്രൻ (നാഷണൽ കമ്മിറ്റി സ്ഥാനാർത്ഥികൾ) തുടങ്ങിയവയായിരുന്നു സംഘത്തിൽ. മുൻ ഭാരവാഹി ഷീല ജോസഫ്, ഏലിയാസ് എന്നിവരും സംഘത്തോടൊപ്പം ഉണ്ടായിരുന്നു.

വിർജീനിയയിലെ വിയന്നയിൽ ബോംബെ തണ്ടൂരിൽ നടന്ന ഒത്തുചേരലിൽ പാനലിന്റെ ലക്ഷ്യങ്ങൾ ഫിലിപ്പോസ് ഫിലിപ്പ് വിവരിച്ചു. സംഘടനയെ ശക്തിപ്പെടുത്തുകയും ജനങ്ങളുടെ പ്രശ്നങ്ങളിൽ സജീവമാകുകയും ചാരിറ്റി രംഗം ശക്തിപ്പെടുത്തുകയും ചെയ്യുകയാണ് തങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ. തെരെഞ്ഞെടുപ്പ് കഴിഞ്ഞാൽ എല്ലാവരുമായും ഒത്തുചേർന്ന് പ്രവർത്തിക്കും. ഡി. സി. മേഖലയിൽ നിന്ന് ലഭിക്കുന്ന ഈ പിന്തുണ ഏറെ സന്തോഷം പകരുന്നുവെന്ന് ഫിലിപ്പോസ് ഫിലിപ്പ് പറഞ്ഞു. പാനലിന്റെ പൂർണമായ മാനിഫെസ്റ്റോ വൈകാതെ പുറത്തിറക്കുമെന്നും അറിയിച്ചു.

ഫിലിപ്പോസ് ഫിലിപ്പിന്റെ മൂന്നു പതിറ്റാണ്ടിലേറെയായുള്ള സംഘടന പ്രവർത്തനം സെക്രട്ടറി സ്ഥാനാർഥി സന്തോഷ് നായർ ചൂണ്ടിക്കാട്ടി. കേസുകളിലും മറ്റും സംഘടനയെ ചിലർ വലിച്ചിഴക്കുമ്പോൾ അവയിൽ നിന്നുള്ള രക്ഷക്ക് എന്നും ഫിലിപ്പോസ് ഫിലിപ്പാണ് മുന്നിൽ നിന്നത്. തന്റെ സംഘടനാ പ്രവർത്തനങ്ങളും സന്തോഷ് നായർ ചൂണ്ടിക്കാട്ടി. വിവിധ സംഘടനകളിലും ഫൊക്കാനയിലും വർഷങ്ങളായി തുടർന്നു വന്ന നല്ല പ്രവർത്തനങ്ങൾ ഇനിയും തുടരും. ആന്റോ വർക്കി, അപ്പുക്കുട്ടൻ പിള്ള, ഡോ ഷൈനി രാജു തുടങ്ങിയവരും സംസാരിച്ചു.

മുൻ പ്രസിഡന്റ് ഡോ.ബാബു സ്റ്റീഫന്റെ പ്രസംഗത്തിൽ സംഘടനകൾ ചാരിറ്റി പ്രവർത്തനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി. കേരളത്തിൽ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് രണ്ട് കോടി രൂപ നൽകുന്ന പദ്ധതിയും അദ്ദേഹം വിവരിച്ചു. ഫിലിപ്പോസ് ഫിലിപ്പിനും പാനലിനും അദ്ദേഹം പിന്തുണയും വിജയാശംസകളും നേർന്നു.

കേരള അസോസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ വാഷിംഗ്ടൺ പ്രസിഡന്റ് നാരായണൻ വളപ്പിൽ, കൈരളി ഓഫ് ബാൾട്ടിമോർ പ്രസിഡന്റ് ലെൻജി ജേക്കബ്, കേരള കൾച്ചറൽ സൊസൈറ്റി ഓഫ് മെട്രോപ്പൊളിറ്റൻ വാഷിംഗ്ടൺ പ്രസിഡന്റ് ഷെല്ലി പ്രഭാകരൻ തുടങ്ങിയവർ വിജയാശംസകൾ നേർന്നു.

നാഷണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്ന സുഷമ പ്രവീൺ, ബിജോ വിതയത്തിൽ എന്നിവർ എം.സിമാരായി പ്രവർത്തിച്ചു. മീറ്റിങ് സംഘടിപ്പിക്കുന്നതിന് മുൻകൈ എടുത്തത് ഫൊക്കാന വൈസ് പ്രസിഡന്റ് വിപിൻ രാജ്, ആർ.വി.പി ബെൻ പോൾ, ആർ.വി.പി. സ്ഥാനാർഥി സ്റ്റാൻലി എത്തുണിക്കൽ, ഇപ്പോഴത്തെ നാഷണൽ കമ്മിറ്റി അംഗങ്ങളായ മനോജ് മാത്യു, ഷിബു സാമുവൽ തുടങ്ങിയവരാണ്.

## സിനി ഫ്യൂഷൻ 2026 ആവേശോജ്വലമായി അരങ്ങേറി




**– വിനോയ് കുര്യൻ ഹൂസ്റ്റൺ**

ഹൂസ്റ്റൺ: ഫൊക്കാന ടെക്സസ് റീജിയൺ, മലയാളി അസോസിയേഷൻ ഓഫ് സിയന്നയുടെ സഹകരണത്തോടെ സംഘടിപ്പിച്ച സിനി ഫ്യൂഷൻ 2026 കലാസന്ധ്യ മേയ് 16ന് സെന്റ് ജോസഫ് ഹാളിൽ വൻ ജനപങ്കാളിത്തത്തോടെ അരങ്ങേറി. സംഗീതവും നൃത്തവും ഹാസ്യവും ഇടകലർന്ന കലാസന്ധ്യ ഹ്യൂസ്റ്റണിലെ മലയാളി സമൂഹത്തിന് മറക്കാനാകാത്ത അനുഭവമായി മാറി.

പരിപാടിക്ക് തുടക്കമായി ഫൊക്കാന റീജിയണൽ വൈസ് പ്രസിഡന്റ് ഫാൻസിമോൾ പള്ളാത്തുമഠം സ്വാഗതപ്രസംഗം നടത്തി. തുടർന്ന് ഫോക്കാന പ്രസിഡന്റ് ഡോ. സജിമോൻ ആന്റണി അധ്യക്ഷത വഹിച്ചു. സാമൂഹിക ഐക്യത്തിനും ചാരിറ്റി

## മരുന്ന് നൽകാൻ സിര കണ്ടെത്താനായില്ല; യുഎസിൽ പ്രതിയുടെ വധശിക്ഷ തടഞ്ഞു

**– പി പി ചെറിയാൻ**

ടെന്നസി: അമേരിക്കയിലെ ടെന്നസിയിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട പ്രതിയുടെ ശരീരത്തിൽ മരുന്ന് കുത്തിവെക്കാനുള്ള സിര കണ്ടെത്താൻ സാധിക്കാത്തതിനെ തുടർന്ന് ശിക്ഷ നടപ്പാക്കുന്നത് തടഞ്ഞു. പ്രതിയായ ടോണി കറൂത്തേഴ്സിന് ടെന്നസി ഗവർണർ ബിൽ ലീ ഒരു വർഷത്തെ താല്കാലിക ഇളവ് അനുവദിച്ചു.

വധശിക്ഷയ്ക്കുള്ള പ്രാഥമിക ഐവി ലൈൻ സ്ഥാപിച്ചെങ്കിലും, സുരക്ഷാ മാനദണ്ഡങ്ങൾ പ്രകാരമുള്ള ബാക്കപ്പ് ലൈൻ സ്ഥാപിക്കാൻ മെഡിക്കൽ സംഘത്തിന് കഴിഞ്ഞില്ല. പലതവണ ശ്രമിച്ചിട്ടും രണ്ടാമതൊരു സിര കണ്ടെത്താൻ സാധിക്കാതെ വന്നതോടെ ശിക്ഷാ നടപടികൾ നിർത്തിവെക്കുകയായിരുന്നു.

1994ൽ മൂന്ന് പേരെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയ കേസിൽ 1996ലാണ് ടോണി കറൂത്തേഴ്സിന് വധശിക്ഷ വിധിക്കുന്നത്. എന്നാൽ താൻ നിരപരാധിയാണെന്നാണ് കറൂത്തേഴ്സ് ഇപ്പോഴും വാദിക്കുന്നത്.

കാലാവധി കഴിഞ്ഞ മരുന്നുകളാണ് വധശിക്ഷയ്ക്കായി സംസ്ഥാനം ഉപയോഗിക്കുന്നതെന്ന് പ്രതിയുടെ അഭിഭാഷകർ ആരോപിച്ചിരുന്നു. കൂടാതെ, വധശിക്ഷയ്ക്കുള്ള മരുന്നുകൾ കൃത്യമായി പരിശോധിക്കുന്നില്ലെന്ന കണ്ടെത്തലിനെ തുടർന്ന് ടെന്നസിയിൽ മുൻപ് മൂന്ന് വർഷത്തേക്ക് വധശിക്ഷകൾ നിർത്തിവെച്ചിരുന്നു.

ശരീരത്തിൽ സൂചി കുത്താനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടതിനെ തുടർന്ന് കറൂത്തേഴ്സിനെ നിലവിൽ മെഡിക്കൽ പരിശോധനയ്ക്കായി മാറ്റിയിരിക്കുകയാണ്. ഈ വർഷം ടെന്നസിയിൽ നടപ്പാക്കാനിരുന്ന ആദ്യ വധശിക്ഷയായിരുന്നു ഇത്.

## ലോങ് ഐലൻഡ് റെയിൽവേ സമരം ഒത്തുതീർപ്പിലേക്ക്; സർവീസുകൾ ഉടൻ പുനരാരംഭിക്കും

ന്യൂയോർക്ക്: യു.എസിലെ ഏറ്റവും തിരക്കേറിയ ട്രെയിൻ സർവീസുകളിലൊന്നായ ലോങ് ഐലൻഡ് റെയിൽ റോഡിലെ ജീവനക്കാരുടെ സമരം ഒത്തുതീർപ്പിലേക്ക്. മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ടേഷൻ അതോറിറ്റിയും യൂണിയൻ നേതാക്കളും തമ്മിൽ താൽക്കാലിക കരാറിലെത്തിയതോടെ മൂന്ന് ദിവസമായി നീണ്ടുനിന്ന പണിമുടക്ക് അവസാനിച്ചു.

യാത്രാനിരക്കുകളോ നികുതിയോ വർദ്ധിപ്പിക്കാതെ, തൊഴിലാളികളുടെ ശമ്പളവർദ്ധന ഉറപ്പാക്കുന്ന രീതിയിലാണ് കരാർ രൂപീകരിച്ചിരിക്കുന്നതെന്ന് ന്യൂയോർക്ക് ഗവർണർ കാത്തി ഹോക്കൽ അറിയിച്ചു. ഏകദേശം മൂന്ന് ലക്ഷത്തോളം യാത്രക്കാരെ ബാധിച്ച പണിമുടക്ക് അവസാനിച്ചതോടെ, ചൊവ്വാഴ്ച ഉച്ചയോടെ ട്രെയിൻ സർവീസുകൾ ഭാഗികമായും വൈകുന്നേരത്തെ തിരക്കേറിയ സമയത്തോടെ പൂർണ്ണമായും പുനരാരംഭിക്കുമെന്നാണ് റിപ്പോർട്ടുകൾ.

## സാഹിത്യവേദി ജൂൺ 5ന്

ഷിക്കാഗോ: സാഹിത്യവേദിയുടെ അടുത്ത സമ്മേളനം ജൂൺ 5 വെള്ളിയാഴ്ച ഷിക്കാഗോ സമയം വൈകുന്നേരം 7.30നു സൂംവെബ് കോൺഫറൻസ് വഴിയായി കൂടുന്നതാണ്.

ഡിജിറ്റൽ യുഗത്തിൽ മലയാള സാഹിത്യപൈതൃക സംരക്ഷണംഎന്ന വിഷയത്തിൽ ഹൈസ്കൂൾ മലയാളം അധ്യാപകനായിരുന്ന കോഴിക്കോട് സ്വദേശി പ്രവീൺ വർമ്മ ചർച്ച നടത്തുന്നതാണ്. മലയാളഭാഷയെ സാങ്കേതിക മികവിലേക്ക് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തിയതിന് കേരള ഗവൺമെന്റിന്റെ മലയാളം മിഷൻ ഭാഷാപ്രതിഭാ പുരസ്കാരം 2022ൽ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

ഡിജിറ്റൽ യുഗത്തിൽ മലയാള സാഹിത്യത്തിന്റെ പൈതൃകം സംരക്ഷിക്കുന്നതിന്റെ ആവശ്യകതയും സാധ്യതകളും സൂചിപ്പിക്കുന്നതോടൊപ്പം പ്രമുഖ ഡിജിറ്റൽ സംരംഭങ്ങളായ ആർക്കീവ്, വിക്കിഗ്രന്ഥശാല, സായാഹ്ന, ഗ്രന്ഥപ്പുര തുടങ്ങിയവയുടെ പ്രാഥമിക പരിചയത്തോടൊപ്പം, താളിളക്കം ഡോട്ട് ഇൻ വെബ്സൈറ്റിന്റെ ഫീച്ചറുകൾ (ലൈബ്രറി, ടൈംലൈൻ, നിഘണ്ടുക്കൾ) തുടങ്ങിയവ വിശദീകരിക്കുന്നു. യുവതലമുറയിൽ ഡിജിറ്റൽ സാഹിത്യ സംരക്ഷണത്തോടുള്ള അവബോധവും പങ്കാളിത്തവും വർദ്ധിപ്പിക്കുക, ആഗോള മലയാളവായനക്കാർക്ക് പഴയകാല കൃതികൾ വായിക്കാൻ അവസരമേകുക, ഇത്തരം മലയാള കൂട്ടായ്മകളെ മനസ്സിലാക്കാൻ സൗകര്യമൊരുക്കുക തുടങ്ങിയ വിഷയങ്ങളാണ് ചർച്ച ചെയ്യുന്നത്.

മെയ് മാസ സാഹിത്യവേദിയിൽ പ്രൊഫ. ഫിലിപ്പ് കല്ലട അവതരിപ്പിച്ച മൂന്നു ചെറുകവിതകൾ ഏറെ ആസ്വാദ്യകരമായിരുന്നു. എല്ലാ സാഹിത്യ സ്നേഹികളേയും ജൂൺ മാസ സാഹിത്യവേദിയിലേക്കു സഹർഷം സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക്:

പ്രവീൺ വർമ്മ +91 949 665 2701, പ്രസന്നൻ പിള്ള 630 935 2990, ജോൺ ഇലക്കാട് 773 282 4955.

Zoom Meeting Link https://us02web.zoom.us/j/81475259178
Passcode: 2990
Meeting ID: 814 7525 9178

## പമ്പയുടെ മാതൃദിനാഘോഷം വർണാഭമായി



**– സുമോദ് തോമസ് നെല്ലിക്കാല**

ഫിലാഡൽഫിയ: പെൻസിൽവാനിയ അസോസിയേഷൻ ഓഫ് മലയാളീസ് ഫോർ പ്രോസ്പിരിറ്റി ആൻഡ് അഡ്വാൻസ്മെന്റ് (പമ്പ)യുടെ ആഭിമുഖ്യത്തിൽ മാതൃദിനാഘോഷം വിപുലമായ പരിപാടികളോടെ നടന്നു. പമ്പ ഭാരവാഹികളും അംഗങ്ങളും കുടുംബാംഗങ്ങളും പങ്കെടുത്ത ചടങ്ങിൽ മാതൃത്വത്തിന്റെ മഹത്വവും കുടുംബബന്ധങ്ങളുടെ പ്രാധാന്യവും പ്രമേയമായി.

പമ്പ കമ്മ്യൂണിറ്റി സെന്ററിൽ നടന്ന പരിപാടിക്ക് സുമോദ് റ്റി നെല്ലിക്കാല, സെലിൻ ഓലിക്കൽ എന്നിവർ മാസ്റ്റർ ഓഫ് സെറിമണിയായി നേതൃത്വം നൽകി.

സുമോദ് നെല്ലിക്കാല ആലപിച്ച പ്രാർത്ഥനാഗാനത്തോടെ പരിപാടികൾക്ക് തുടക്കമായി. സ്വാഗതപ്രസംഗത്തിൽ ജനറൽ സെക്രട്ടറി സുമോദ് റ്റി നെല്ലിക്കാല എല്ലാ അമ്മമാർക്കും മാതൃദിനാശംസകൾ നേർന്ന് കുടുംബത്തിന്റെ അടിത്തറ അമ്മമാരാണെന്ന് അഭിപ്രായപ്പെട്ടു. പ്രസിഡൻറ് അലക്സ് തോമസ് അധ്യക്ഷത വഹിച്ചു സംസാരിക്കുകയും മാതൃത്വത്തിന്റെ ത്യാഗവും സ്നേഹവും സമൂഹത്തിന് മാതൃകയാണെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്തു.

പ്രധാന സന്ദേശം റവ. ഫിലിപ്സ് മോടയിൽ നിർവഹിച്ചു. മാതാപിതാക്കൾക്കുള്ള ആദരവും കുടുംബബന്ധങ്ങളുടെ പ്രാധാന്യവും അദ്ദേഹം തന്റെ സന്ദേശത്തിൽ ഓർമ്മിപ്പിച്ചു.

പ്രശസ്ത ഗായികയും പ്രഭാഷകയുമായ റിയാന്ന ഡാനിഷ് മാതൃദിനസന്ദേശം നൽകി. അമ്മമാരുടെ അനന്തമായ സ്നേഹവും ജീവിതത്തിലെ അവരുടെ സ്വാധീനവും ഹൃദയസ്പർശിയായി അവതരിപ്പിച്ച സന്ദേശം ശ്രദ്ധേയമായി. തുടർന്ന് ഗാനമാലപിച്ചപ്പോൾ അതിഥികളും അംഗങ്ങളും ചേർന്ന് അമ്മമാരെ ആദരിച്ചു. പരിപാടിയുടെ ഭാഗമായി എല്ലാ അമ്മമാർക്കും പൂക്കളും സമ്മാനങ്ങളും വിതരണം ചെയ്തു.

ഫ്രണ്ട്സ് ഓഫ് തിരുവല്ല പ്രതിനിധിയായി തോമസ് പോൾ, ജോൺ പണിക്കർ, സുരേഷ് നായർ, മേഴ്സി പണിക്കർ, ലൈല കരിംകുറ്റി എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി.

രാജു ജോൺ, ഡാനിഷ്, ഷീബ എന്നിവരുടെ ഗാനാലാപനം ഹൃദ്യമായിരുന്നു. ട്രഷറർ ജോയ് തട്ടാർകുന്നേൽ നന്ദി പ്രസംഗം നടത്തി.

കുടുംബസൗഹൃദവും സ്നേഹബന്ധങ്ങളും കൂടുതൽ ശക്തിപ്പെടുത്തിയ മാതൃദിനാഘോഷം അംഗങ്ങളുടെ ഹൃദയങ്ങളിൽ മധുരസ്മരണയായി മാറി.

## ഭരതനാട്യ ചരിത്രം വിരിഞ്ഞ ഡാൻസ് കോൺവർസേഷൻസ് കാലിഫോർണിയയിൽ നടന്നു



**– പി പി ചെറിയാൻ**

കാലിഫോർണിയ: കാലിഫോർണിയയിലുള്ള ഇർവിനിൽ ഭരതനാട്യരംഗത്തെ ആറ് പ്രമുഖ ഗുരുക്കന്മാരെ അണിനിരത്തി ഏകതാ സെന്റർ 'ഡാൻസ് കോൺവർസേഷൻസ്' എന്ന പരിപാടി സംഘടിപ്പിച്ചു. യു.എസിൽ ഭരതനാട്യ കലാരൂപത്തിന് അടിത്തറയിട്ട കാതറിൻ കുഞ്ഞിരാമൻ, ഹേമ രാജഗോപാലൻ, രത്ന കുമാർ, മൈഥിലി കുമാർ, വിജി പ്രകാശ്, രമ്യ ഹരിശങ്കർ എന്നിവരാണ് ഈ വേദിയിൽ ഒത്തുചേർന്നത്.

അഞ്ചു പതിറ്റാണ്ടിലേറെ നീണ്ട തങ്ങളുടെ നൃത്താവിഷ്കാരങ്ങളുടെ ഓർമ്മകളും ചിത്രങ്ങളും പങ്കുവെച്ചതിനൊപ്പം വേദിയിൽ ഇവർ ഹ്രസ്വമായ അഭിനയ മുഹൂർത്തങ്ങളും അവതരിപ്പിച്ചു. യു.എസിലെ ഇന്ത്യൻ ശാസ്ത്രീയ നൃത്ത ശാഖയുടെ ചരിത്രപരമായ വളർച്ചയെ അടയാളപ്പെടുത്തിയ ഈ സംഗമം, കലയോടുള്ള ഇവരുടെ ആയുഷ്കാല സമർപ്പണത്തിന്റെ സാക്ഷ്യപത്രമായി മാറി.

## വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ കുടുംബസംഗമം ജൂൺ 13ന്

ന്യൂറൊഷൽ: വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ കുടുംബസംഗമം വൽഹലയിലുള്ള മൗണ്ട് പ്ലെസന്റ് കമ്മ്യൂണിറ്റി സെൻട്രലിൽ വെച്ച് ജൂൺ 13ന് വൈകിട്ട് 4.30 മുതൽ വിവിധ കലാപരിപാടികളോടെ നടക്കും.

ഫാമിലി നൈറ്റ് വിജയപ്രദമാക്കുവാൻ വെസ്റ്റ്ചെസ്റ്റർ, ന്യൂ യോർക്ക് നിവാസികളായ എല്ലാ മലയാളി സഹോദരങ്ങളുടെയും സ്വാഗതം ചെയ്യുന്നതായി പ്രസിഡന്റ് ദേവസി ഇട്ടൂപ്പ്, സെക്രട്ടറി ടെറൻസൺ തോമസ്, ട്രഷറർ എ.വി.വർഗീസ്, വൈസ് പ്രസിഡന്റ് വർഗീസ് എം കുര്യൻ (ബോബൻ), ജോ. സെക്രട്ടറി ജോൺ കെ മാത്യു (ബോബി), ജോയിന്റ് ട്രഷറർ ചാക്കോ പി ജോർജ് (അനി), ട്രസ്റ്റീ ബോർഡ് ചെയർ രാജൻ റ്റി ജേക്കബ്, കോർഡിനേറ്റർ ജോയി ഇട്ടൻ മറ്റ് കമ്മിറ്റി മെംബേർസ് എന്നിവർ അറിയിച്ചു.

## കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം മാധ്യമ സെമിനാർ ജൂലൈ 3 ന് ചിക്കാഗോയിൽ

**– നിബു വെള്ളവന്താനം**

ചിക്കാഗോ: കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം ഓഫ് നോർത്ത് അമേരിക്കയുടെ നേതൃത്വത്തിൽ ജൂലൈ 3ന് വെള്ളിയാഴ്ച 1.30 മുതൽ 3 വരെ ചിക്കാഗോ പി.സി.എൻ.എ.കെ സമ്മേളനത്തിനോടനുബന്ധിച്ച് മാധ്യമ സെമിനാർ നടത്തപ്പെടും. മുതിർന്ന മാധ്യമ പ്രവർത്തകനും കൺവൻഷൻ പ്രഭാഷകനുമായ റവ. ജോർജ് മാത്യൂ പുതുപ്പള്ളി മുഖ്യ പ്രഭാഷണം നടത്തും.

സെമിനാറിനോടനുബന്ധിച്ച് രചനാ മത്സരത്തിൽ വിജയികളായ ജേതാക്കൾക്ക് അവാർഡ് നൽകി ആദരിക്കും. പ്രസിഡന്റ് രാജൻ ആര്യപ്പള്ളി അധ്യക്ഷത വഹിക്കും. മാധ്യമ പ്രവർത്തനങ്ങളെ പറ്റി പഠിക്കുവാൻ ആഗ്രഹിക്കുന്ന ഏവർക്കും സെമിനാർ പ്രയോജനകരമാകുമെന്ന് സെക്രട്ടറി നിബു വെള്ളവന്താനം അറിയിച്ചു.

വടക്കേ അമേരിക്കയിൽ കുടിയേറി പാർത്ത മലയാളി പെന്തക്കോസ്ത് വിശ്വാസികളായ എഴുത്തുകാരുടെ ഐക്യ സംഘടനയാണ് നോർത്തമേരിക്കൻ കേരള പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം.

രാജൻ ആര്യപ്പള്ളിൽ പ്രസിഡന്റ്, സാം മാത്യൂ വൈസ് പ്രസിഡന്റ്, നിബു വെള്ളവന്താനം ജനറൽ സെക്രട്ടറി, പാസ്റ്റർ എബിൻ അലക്സ് ജോ സെക്രട്ടറി, ഡോ. ജോളി ജോസഫ് ട്രഷറർ, ഡോ. ഷൈനി സാം ലേഡീസ് കോർഡിനേറ്റർ, വെസ്‌ളി മാത്യൂ മീഡിയ കോർഡിനേറ്റർ എന്നിവരാണ് കെ.പി.ഡബ്ള്യു.എഫ് ദേശീയ ഭാരവാഹികൾ.

## കേരള ലിറ്ററി സൊസൈറ്റി ഡാലസ് പ്രവാസി കഥ കവിത പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു



ഡാലസ്: കേരള ലിറ്ററി സൊസൈറ്റി ഡാലസിന്റെ 2026 ലെ പ്രവാസി കഥ, കവിത പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. പ്രശസ്ത നോവലിസ്റ്റ് വി.ജെ. ജയിംസ് (കഥ), പ്രശസ്ത കവി ഡോ. സി. രാവുണ്ണി എന്നിവരായിരുന്നു വിധികർത്താക്കൾ.

എബ്രഹാം തെക്കേമുറി കഥാ പുരസ്കാരം ലഭിച്ചിരിക്കുന്നത് എസ്. അനിലാലിന്റെ (ഷിക്കാഗോ) അരക്കാലുകളുടെ ലോകത്തെ ശബ്ദങ്ങൾഎന്ന കഥയ്ക്കും; കവി ജേക്കബ് മനയിൽ കവിതാ പുരസ്കാരം ലഭിച്ചിരിക്കുന്നത് റഹിമാബി മൊയ്തിന്റെ (മെറിലാന്റ്) പെണ്ണടയാളങ്ങൾഎന്ന കവിതയ്ക്കുമാണ്. രണ്ടു വിഭാഗത്തിലും 25,000 രൂപയും പ്രശസ്തി പത്രവുമാണ് സമ്മാനമായി നൽകപ്പെടുന്നത്.

ദിവ്യ മേനോന്റെ (ഡാലസ്) അഭിമുഖംഎന്ന കഥയ്ക്ക് സ്പെഷ്യൽ ജൂറി പുരസ്കാരവും ലഭിച്ചു.

ഇന്ത്യയ്ക്കു പുറത്തു വിവിധ രാജ്യങ്ങളിൽ നിന്നുമായി 20 കഥകളും 18 കവിതകളുമാണ് അവാർഡിനായി പരിഗണിച്ചത്. സാമുവേൽ യോഹന്നാൻ, മീനു എലിസബത്ത്, ഡോ.ദർശന മനയത്ത് എന്നിവരാണ് കഥയുടെ ചുരുക്കപ്പട്ടിക തയ്യാറാക്കിയത്. സി.വി.ജോർജ്, ഷാജു ജോൺ, അനശ്വരം മാമ്പിള്ളി എന്നിവരാണ് കവിതയുടെ ചുരുക്കപ്പട്ടിക തയ്യാറാക്കിയത്.

ഏകാകിതയുടെ പാരമ്യതയിൽ ഒരുവൻ സ്വന്തം ഉള്ളിലെ വിസ്മരിക്കപ്പെട്ടു പോയ മനുഷ്യനെ കണ്ടെത്തുന്ന കഥാസന്ദർഭങ്ങൾ കൈയടക്കത്തോടെ അവതരിപ്പിക്കുന്ന മികച്ച കഥയാണ് പുരസ്ക്കാരം ലഭിച്ച അരക്കാലുകളുടെ ലോകത്തെ ശബ്ദങ്ങൾ എന്നും; പ്രത്യേക ജൂറി പുരസ്ക്കാരം ലഭിച്ച അഭിമുഖം അതുപോലെ തന്നെ വേറിട്ടു നില്ക്കുന്ന മനോഹരമായൊരു കഥയാണെന്നും, ജീവിതാവസ്ഥകളെ വാക്കുകളുടെ ത്രാസിലിട്ടു തൂക്കുന്ന മികച്ച ദർശനങ്ങളുണ്ട് ഈ കഥയിലെന്നും വിധികർത്താവ് വി. ജെ. ജയിംസ് വിലയിരുത്തി.

കവിതകളും മികച്ച നിലവാരം പുലർത്തിയതായി കവിതകളുടെ വിധി കർത്താവ് ഡോ.സി. രാവുണ്ണി അഭിപ്രായപ്പെട്ടു.

2026 സെപ്തംബറിൽ നടത്തുന്ന പ്രത്യേക മീറ്റിംഗിൽ വെച്ച് പുരസ്കാര സമർപ്പണം നടത്തുമെന്ന് കേരള ലിറ്ററി സൊസൈറ്റി സെക്രട്ടറി ബാജി ഓടംവേലി അറിയിച്ചു. കേരള ലിറ്ററി സൈസൈറ്റിയുടെ പ്രവർത്തനങ്ങളുമായി സഹകരിക്കുവാൻ 915 613 6566 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. ബാജി ഓടംവേലി (സെക്രട്ടറി) 915 613 6566

June 12 – World Day Against Child Labour
Focuses on eliminating child labor globally.
June 14 – World Blood Donor Day
Encourages life-saving blood donations.
June 15 – World Elder Abuse Awareness Day
Highlights abuse faced by older adults.

## ചിക്കാഗോ സെന്റ് മേരീസിൽ നേഴ്‌സസ് ദിനം വിപുലമായി ആചരിച്ചു



**– റോയി ചേലമലയിൽ**

ചിക്കാഗോ: അന്താരാഷ്ട്ര നേഴ്സസ് ദിനത്തോടനുബന്ധിച്ച് മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദേവാലയത്തിൽ മെയ് 17 ഞായറാഴ്ച നേഴ്സസ് ദിനം വിപുലമായി ആചരിച്ചു. അന്നേദിവസം നടന്ന എല്ലാ വിശുദ്ധ കുർബാനകൾക്കും ശേഷം നഴ്സ്മാർക്കായി പ്രത്യേകം ആശീർവാദ പ്രാർത്ഥന, തൈലാഭിഷേകം, എന്നിവ നടത്തി.

പങ്കെടുത്ത ഏവർക്കും ഇടവകയുടെ ഉപഹാരം നൽകി. വികാരി ഫാ.സിജു മുടക്കോടിൽ, അസിസ്റ്റന്റ് വികാരി അനീഷ് മാവേലി പുത്തെൻപുരയിൽ എന്നിവർ രാവിലെ 8:15നും 10 മണിക്കും, വൈകുന്നേരം 5:30 നും നടന്ന വിശുദ്ധ കുർബാനകൾക്കും പ്രത്യേക പ്രാർത്ഥനകൾക്കും കാർമ്മികത്വം നൽകി. നമ്മുടെ സമൂഹത്തിൽ നഴ്സുമാർ ചെലുത്ത സ്വാധീനം ഫാ.സിജു ഊന്നിപ്പറയുകയും അവരുടെ ദൈവികമായ ഈ ശുശ്രൂഷക്ക് നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

ഈ പരിപാടികളുടെ ക്രമീകരണങ്ങൾക്ക് നഴ്സസ് മിനിസ്ട്രി കോർഡിനേറ്റർസ് ആയ ലിസി മുല്ലപ്പള്ളി, സാലി കിഴക്കേക്കുറ്റ്, ഷേർനളി തോട്ടുങ്കൽ, മാത്യു ജോസ് മങ്ങാട്ട് എന്നിവരോടൊപ്പം ഇടവകയുടെ കൈക്കാരന്മാരായ സേവ്യർ നടുപ്പറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ എന്നിവരും നേതൃതനത്വം നൽകി.

## കേരള അസോസിയേഷൻ ഓഫ് ഡാളസ് സ്നേഹ സംഗമം സംഘടിപ്പിച്ചു



**– അനശ്വരം മാമ്പിള്ളി**

ഡാളസ്: കേരള അസോസിയേഷൻ മെമ്പേഴ്സിന്റെ ഇടയിൽ കൂട്ടായ്മ വർദ്ധിപ്പിക്കുവാനും അസോസിയേഷൻ കമ്മിറ്റി അംഗങ്ങളും മെംബേർസും തമ്മിൽ സൗഹൃദവും സഹകരണവും ഊട്ടിയുറപ്പിക്കുവാനും, സന്നദ്ധ പ്രവർത്തനങ്ങൾ ചെയ്യുന്നവരെ പ്രത്യേകം പ്രോത്സാഹിപ്പിക്കുവാനും വേണ്ടിയാണ് ഈ സംഗമം നടത്തുന്നതെന്നു സദസ്സിനെ അഭിസംബോധന ചെയ്തു കൊണ്ടു പ്രസിഡന്റ് ഷിജു എബ്രഹാം സംസാരിച്ചു. കൂടാതെ അസോസിയേഷൻ പരിപാടികൾക്ക് സാമ്പത്തിക സഹായം ചെയ്യുന്നവരെയും പ്രത്യേകം എടുത്തു പറഞ്ഞു നന്ദി രേഖപ്പെടുത്തി.

എബ്രഹാം മാത്യു (ആരംഭകാല സെക്രട്ടറി), സി.വി ജോർജ് (ആരംഭ കാല കമ്മിറ്റി മെമ്പർ), അലക്സ് മാത്യു, അലക്സ് അലക്സാണ്ടർ, സണ്ണി ജേക്കബ്, കോശി പണിക്കർ, മാത്യു കോശി, ഹരിദാസ് തങ്കപ്പൻ, പ്രദീപ് നാഗനൂലിൽ തുടങ്ങിയ മുൻ കാല പ്രസിഡന്റുമാരോടൊപ്പം പി.പി ചെറിയാൻ, കോശി വൈദ്യൻ, അനശ്വരം മാമ്പിള്ളി തുടങ്ങിയ മുൻകാല സെക്രട്ടറിമാരും പരിപാടിയിൽ പങ്കെടുത്തു. മുൻ കമ്മിറ്റിയംഗങ്ങളായ ജോസഫ് ചാണ്ടി, തോമസ് ഈശോ, സിജു വി ജോർജ്, പിടി സെബാസ്റ്റ്യൻ, ടോണി തൈത്തറപ്പേൽ, തമ്പി മാത്യു, ജോയ് ആന്റണി, ഫ്രാൻസിസ് തോട്ടത്തിൽ എന്നിവർ സംബന്ധിച്ചു. പ്രസ്തുത പരിപാടിയിൽ വരാൻ പോകുന്ന സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ അംബാസഡർ സ്പോൺസർ റെസ്റ്റ്ലാൻഡ് ഫ്യൂണറൽ ഹോം പതിനായിരം ഡോളർ പ്രസിഡന്റ് ഷിജു എബ്രഹാമിന് നൽകി സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സ്പോൺസർഷിപ്പിന് തുടക്കം കുറിച്ചു.

ബേബി കൊടുവത്, ഹരിദാസ് തങ്കപ്പൻ തുടങ്ങിയ കലാകാരന്മാരുടെ ഗാനങ്ങളും പരിപാടിക്ക് മികവേറി. ഐസി ഇസി പ്രസിഡന്റ് നൈനാൻ മാത്യു, ജോർജ് ജോസഫ് ഐസിഇസിയെ പ്രതിനിധീകരിച്ചു സംസാരിച്ചു. കമ്മിറ്റി അംഗങ്ങളായ ദീപക് നായർ, ഷിബു ജോൺ, ജിജി പി സ്കറിയ, വിനോദ് ജോർജ് എന്നിവർ പരിപാടി കോഓർഡിനേറ്റ് ചെയ്തു. സെക്രട്ടറി മൻജിത് കൈനിക്കര നന്ദി പറഞ്ഞു.

## നോർത്ത് അമേരിക്ക മാർ തോമാ ഭദ്രാസന സുവിശേഷ സേവികാ സംഘം പ്രവർത്തനോദ്ഘാടനം 4ന്

**– പി പി ചെറിയാൻ**

ന്യൂയോർക്: നോർത്ത് അമേരിക്ക മാർ തോമാ ഡയോസിസ് സുവിശേഷ സേവികാ സംഘത്തിന്റെ 2026–2029 വർഷങ്ങളിലെ പ്രവർത്തനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം ജൂൺ 4 വ്യാഴാഴ്ച നടക്കും. വിശ്വാസത്തിലും കൂട്ടായ്മയിലും സേവനത്തിലും ഒരു പുതിയ തുടക്കം എന്ന പ്രമേയവുമായി വെർച്വൽ പ്ലാറ്റ്ഫോമായ സൂം വഴിയാണ് മീറ്റിംഗ് ക്രമീകരിച്ചിരിക്കുന്നത്.

ഡയോസിഷൻ ബിഷപ്പും സേവികാ സംഘം പ്രസിഡന്റുമായ റൈറ്റ് റവ. ഡോ. അബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ യോഗത്തിൽ അധ്യക്ഷത വഹിക്കുകയും പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകുകയും ചെയ്യും. മിഷനറി ഡോക്ടറായ ഡോ. റോഷിൻ മേരി കോശി മുഖ്യപ്രഭാഷണം നടത്തും.

കൂടുതൽ വിവരങ്ങൾക്ക് റവ. ബ്രേസിൻ കെ. മോൻ (വൈസ് പ്രസിഡന്റ്) 914 359 8907, മേഴ്സി തോമസ് (സെക്രട്ടറി) 516 587 1964, ലിനി മത്തായി (ട്രഷറർ) 972 693 6462, നോബി ബൈജു (അസംബ്ലി മെമ്പർ) 732 983 7253.

Zoo Meeting. Meeting ID: 885 6926 3060
Passcode: prayer

# യു.എസിൽ ആദ്യമായി ഡീട്രാൻസിഷൻ ക്ലിനിക്ക് സ്ഥാപിക്കാൻ ടെക്സസ് ചിൽഡ്രൻസ് ഹോസ്പിറ്റൽ

**– പി പി ചെറിയാൻ**

ഹൂസ്റ്റൺ: യു.എസിലെ ഏറ്റവും വലിയ കുട്ടികളുടെ ആശുപത്രിയായ ടെക്സസ് ചിൽഡ്രൻസ് ഹോസ്പിറ്റലിൽ രാജ്യത്തെ ആദ്യത്തെ ഡീട്രാൻസിഷൻ ക്ലിനിക്ക് സ്ഥാപിക്കാൻ ധാരണയായി. പ്രായപൂർത്തിയാകാത്ത കുട്ടികളിൽ ലിംഗമാറ്റ ചികിത്സകൾ നടത്തിയതുമായി ബന്ധപ്പെട്ട് യു.എസ് നീതിന്യായ വകുപ്പും ടെക്സസ് അറ്റോർണി ജനറലും നടത്തിയ അന്വേഷണങ്ങൾക്കൊടുവിലാണ് ഈ ചരിത്രപരമായ ഒത്തുതീർപ്പ്.

മുമ്പ് ലിംഗമാറ്റ ചികിത്സകൾക്ക് വിധേയരായവർക്ക് അത് പൂർവ്വസ്ഥിതിയിലാക്കാനുള്ള ഡീട്രാൻസിഷൻ ചികിത്സകളാവും ഈ ക്ലിനിക്കിലൂടെ നൽകുക. ആദ്യ അഞ്ച് വർഷം ഈ സേവനം രോഗികൾക്ക് സൗജന്യമായിരിക്കും. ഇതിനു പുറമെ, നിയമവിരുദ്ധമായി മെഡിക്കെയ്ഡ് ഇൻഷുറൻസ് തുക ഈടാക്കിയെന്ന പരാതിയിൽ ആശുപത്രി 10 ദശലക്ഷം ഡോളർ പിഴയൊടുക്കാനും ലിംഗമാറ്റ ചികിത്സകൾക്ക് നേതൃത്വം നൽകിയ അഞ്ച് ഡോക്ടർമാരെ ജോലിയിൽ നിന്ന് പിരിച്ചുവിടാനും ധാരണയായി.

# കേരളാ മുഖ്യമന്ത്രിക്ക് അഭിവാദ്യങ്ങളർപ്പിച്ച് ചിക്കാഗോ യു.ഡി.എഫ്

ചിക്കാഗോ: കേരളത്തിലെ യുഡിഎഫിന്റെ ഉജ്ജ്വല വിജയത്തോടെ മുഖ്യമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ട വി.ഡി. സതീശനെ ഷിക്കാഗോ യുഡിഎഫ് പ്രവർത്തകർ അനുമോദിച്ചു.

വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ കടന്നുവന്നു കെഎസ്‌യു, യൂത്ത് കോൺഗ്രസ് പ്രവർത്തനത്തിലൂടെ 2001 മുതൽ കേരള നിയമസഭാ സാമാജികനായി സേവനമനുഷ്ഠിച്ചു വരികയാണ് വി.ഡി. സതീശൻ.

പ്രവർത്തന മികവുള്ള വി.ഡി.സതീശൻ കേരളത്തെ ഒരു പുതിയ ദിശയിലേക്കു നയിക്കുമെന്നും ആധുനിക കേരളം കെട്ടിപ്പടുക്കുമെന്നും ചിക്കാഗോ യുഡിഎഫ് വിലയിരുത്തി.

പുതിയ മുഖ്യമന്ത്രിക്കും യുഡിഎഫ് മന്ത്രിസഭക്കും അഭിവാദ്യങ്ങളർപ്പിച്ചുകൊണ്ടു ചിക്കാഗോ യുഡിഎഫ് ചെയർമാൻ ഡോ. സാൽബി പോൾ ചേന്നോത്ത്, ചിക്കാഗോ ഓവർസീസ് കൾച്ചറൽ കോൺഗ്രസ് പ്രസിഡന്റ് ലൂയി ഷിക്കാ ഗോ, പോൾ പറമ്പി (മുൻ കിൻഫ്ര ഡയറക്ടർ), പ്രവാസി കേരളാ കോൺഗ്രസ് (ജെ) കൺവീനർ സണ്ണി വള്ളിക്കളം, രാജൻ തോമസ് കുറ്റിപ്പുറം, ഗ്ലാഡ്സൺ വർഗീസ്, സിനു പാലാക്കാത്തടം, ജോർജ് ജോസഫ് കൊട്ടുകപ്പിള്ളി, തോമസ് മാത്യു, റിൻസി കുര്യൻ, സ്റ്റീഫൻ ഉതുപ്പാൻ, ഡോ. അനുപം രാധാകൃഷ്ണൻ, ചാക്കോ ചിറ്റലക്കാട്ട്, കുര്യൻ ഫിലിപ്പ്, ബിജു പൂത്തുറയിൽ, സാബു അച്ചേട്ട്, ബിജു തോമസ്, ജോസ് പിണർകയിൽ, ആന്റോ കവലക്കൽ, സജി തോമസ്, മനോജ് അച്ചേട്ട്, സന്തോഷ് നായർ, ടോമി അമ്പേനാട്ട്, ജോർജ് മാത്യു, ജോൺസൻ മാളിയേക്കൽ, സാവിയോ ജോസഫ്, സജി വടക്കേക്കൂട്ട്, ജോസ് വർഗീസ്, ഷിബു വർഗീസ്, മോളി തോമസ്, മിനി ജോൺ, അലക്സ് തോമസ്, അനു തോമസ്, സാബു ജോൺ, ലിസി വർഗീസ്, വൽസമ സാബു എന്നിവർ അനുമോദിച്ചു.

June 16 – International Day of Family Remittances Recognizes migrant workers' contributions.
June 17 – World Day to Combat Desertification and Drought Focuses on environmental sustainability and climate action.

# സിനി ഫ്യൂഷൻ 2026 ആവേശോജ്വലമായി അരങ്ങേറി

പ്രവർത്തനങ്ങൾക്കും ഇത്തരം കലാപരിപാടികൾ വലിയ ഉത്തേജനം നൽകുമെന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ അദ്ദേഹം അഭിപ്രായപ്പെട്ടു. സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ഡിസ്ട്രിക്ട് കോർട്ട് ജഡ്ജ് സുരേന്ദ്രൻ കെ. പാട്ടേൽ, മുൻ ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജ് കെപി ജോർജ്, മുൻ ഫൊക്കാന പ്രസിഡന്റ് ജി കെ പിള്ള, മുൻ ഫൊക്കാന ആർ .വി.പി രഞ്ജിത് പിള്ള എന്നിവരുടെ സാന്നിധ്യം പൊതുപരിപാടികൾക്ക് മാറ്റുകൂട്ടി.

ആർ.ജെ സുബിനും ആർ.ജെ റോഷ്നിയും പരിപാടിയിലുടനീളം മികവുറ്റ അവതരണം കാഴ്ചവെച്ചു. സിനിമ സ്റ്റേജ് രംഗത്തെ പ്രമുഖ താരങ്ങളായ അനു സിത്താര, വിപിൻ സേവ്യർ, ആര്യ, കൃതിക, അഖിൽ കവലയൂർ, രാജേഷ് അടിമാലി എന്നിവരുടെ കലാപരിപാടികൾ പ്രേക്ഷകർ ഹർഷാരവത്തോടെയാണ് സ്വീകരിച്ചത്.

മികച്ച സംഘാടന മികവുകൊണ്ട് ഉജ്ജ്വലമായ കലാസൃഷ്ടി കാഴ്ച്ച വെയ്ക്കാൻ യത്നിച്ച കോർഡിനേറ്റർ സുനിൽ പാറക്കലും മറ്റു സംഘടനാ ഭാരവാഹികളും പ്രത്യേക പ്രശംസ അർഹിക്കുന്നുവെന്നു ഫൊക്കാന യോഗം വിലയിരുത്തി.

സിനി ഫ്യൂഷൻ 2026 ന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാ സ്പോൺസർമാർക്കും, സഹസംഘടനകൾക്കും, കലാകാരന്മാർക്കും, സന്നദ്ധ പ്രവർത്തകർക്കും, പങ്കെടുത്ത എല്ലാ പ്രേക്ഷകർക്കും ഫൊക്കാന റീജിയണൽ കൾച്ചറൽ കോർഡിനേറ്റർ വിനോയ് കുര്യൻ കൃതജ്ഞത പറഞ്ഞു.

# ഐഒസി പെൻസിൽവാനിയ ചാപ്റ്ററിന് നവ നേതൃത്വം



**– കോര ചെറിയാൻ**

ഫിലാഡൽഫിയ: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് (ഐഒസി) പെൻസിൽവാനിയ ചാപ്റ്ററിന്റെ 2026-2027 കാലയളവിലേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ചെയർമാനായി സാബു സ്കറിയ, പ്രസിഡന്റായി സുമോദ് തോമസ് നെല്ലിക്കാല, ജനറൽ സെക്രട്ടറിയായി നൈനാൻ മത്തായി, ട്രഷറർ ആയി തോമസ്കുട്ടി വറുഗീസ് എന്നിവർ അടുത്ത രണ്ടു വർഷം സംഘടനയെ നയിക്കും.

തെരഞ്ഞെടുപ്പ് പമ്പ കമ്മ്യൂണിറ്റി സെന്ററിൽ വാർഷിക ജനറൽ ബോഡി യോഗത്തിന് പിന്നാലെ നടന്നു. തിരഞ്ഞെടുപ്പ് നടപടികൾ കുര്യൻ രാജനും സാബു സ്കറിയയും നിയന്ത്രിച്ചപ്പോൾ, നടപടികൾ സുമോദ് നെല്ലിക്കാല രേഖപ്പെടുത്തി. വിവിധ ഇന്ത്യൻ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ സംഘടനകളിലെ പ്രവർത്തകരും സമൂഹ നേതാക്കളും പങ്കെടുത്തു.

ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട സാബു സ്കറിയ മലങ്കര ആർച്ച് ഡയോസിസ് കൗൺസിൽ അംഗം, മാപ്പ് ബോർഡ് ഓഫ് ട്രസ്റ്റി അംഗം, 56 ഇന്റർനാഷണൽ നാഷണൽ കോഓർഡിനേറ്റർ, എംഎ കോളേജ് കോതമംഗലം അലുമ്നി യു.എസ്.എ പ്രസിഡന്റ്, മുൻ മാപ്പ് പ്രസിഡന്റ് എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഐഒസിയുടെ പ്രസിഡന്റായും ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ച അനുഭവ സമ്പത്തുള്ള വ്യക്തിയാണ്. സമൂഹ പ്രവർത്തനങ്ങളിലും സംഘടനാ നേതൃത്വത്തിലും അദ്ദേഹത്തിന്റെ ദീർഘകാല സേവനം മുതൽകൂട്ടാണ്.

പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട സുമോദ് തോമസ് നെല്ലിക്കാല സമൂഹ സേവന രംഗത്ത് സജീവ സാന്നിധ്യമാണ്. കേരള ഫോറം ചെയർമാനായിരിക്കെ കോവിഡ് മഹാമാരി കാലത്ത് ആയിരക്കണക്കിന് എൻ 95 മാസ്കുകളും സാനിറ്റൈസറുകളും പൊതുജനങ്ങൾക്ക് വിതരണം ചെയ്ത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. പ്രാദേശിക വാർത്താ ചാനലുകളും രാഷ്ട്രീയ നേതാക്കളും ശ്രദ്ധിച്ച ആ പ്രവർത്തനം വലിയ പ്രശംസ നേടിയിരുന്നു. കൂടാതെ 2021ൽ ആയിരങ്ങൾ പങ്കെടുത്ത ഓണാഘോഷ മഹാമേള വിജയകരമായി സംഘടിപ്പിക്കുകയും ചെയ്തു. പെൻസിൽവാനിയ അസോസിയേഷൻ ഓഫ് മലയാളീ പ്രോസ്പെരിറ്റി ആൻഡ് അഡ്വാൻസ്മെന്റ് (പമ്പ) പ്രസിഡന്റായിരിക്കെ സംഘടനയുടെ 25-ാം വാർഷികാഘോഷം വൻ വിജയമാക്കിയതും ശ്രദ്ധേയമായി. ഫൊക്കാനാ കൺവൻഷന്റെ രജിസ്ട്രേഷൻ കോഓർഡിനേറ്ററായും, ഐഒസി പെൻസിൽവാനിയ ചാപ്റ്റർ, ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക, പമ്പ അസോസിയേഷൻ എന്നിവയുടെ വിവിധ കാലയളവുകളിലെ ജനറൽ സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. സമൂഹ സേവന രംഗത്തെ സംഭാവനകൾ പരിഗണിച്ച് ഫിലാഡൽഫിയ പോലീസ് കമ്മീഷണറുടെ കമ്മ്യൂണിറ്റി സർവീസ് അവാർഡും സുമോദ് നെല്ലിക്കാലയ്ക്ക് ലഭിച്ചിട്ടുണ്ട്.

ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട നൈനാൻ മത്തായി പെൻസിൽവാനിയയിലെ വിവിധ സാമൂഹിക പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമാണ്. വേൾഡ് മലയാളീ കൗൺസിൽ പ്രസിഡന്റും 2026 ഡബ്ല്യുഎംസി ഗ്ലോബൽ കോൺഫറൻസിന്റെ കോഓർഡിനേറ്റർ, സ്പോൺസർഷിപ്പ് കമ്മിറ്റി ചെയർപേഴ്സൺ എന്ന നിലയിലും പ്രവർത്തിക്കുന്നു. സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയിൽ സൺഡേ സ്കൂൾ പ്രിൻസിപ്പൽ, മെൻസ് ഫെലോഷിപ്പ് കോഓർഡിനേറ്റർ, സീനിയർ സിറ്റിസൺ കോഓർഡിനേറ്റർ, മാനേജിംഗ് കമ്മിറ്റി ഡെലിഗേറ്റ് എന്നീ നിലകളിൽ അദ്ദേഹം സേവനം അനുഷ്ഠിക്കുന്നു. മുതിർന്ന പൗരന്മാരുടെ ക്ഷേമ പ്രവർത്തനങ്ങളിൽ സജീവമായ നിനൻ മത്തായി, ലവ് ആന്റ് ഗ്ലോറിഹോം കെയർ സർവീസിന്റെ പങ്കാളിയുമാണ്. റഷ്യൻ സമൂഹത്തിന്റെ സഹകരണത്തോടെ ആദ്യ അഡൽറ്റ് ഡേ കെയർ സെന്റർ ആരംഭിക്കുന്നതിലും അദ്ദേഹം നിർണായക പങ്കുവഹിച്ചു.

ട്രഷററായി തിരഞ്ഞെടുക്കപ്പെട്ട തോമസ്കുട്ടി വർഗീസ് മലയാളീ അസോസിയേഷൻ ഓഫ് ഫിലാഡൽഫിയ, വേൾഡ് മലയാളീ കൗൺസിൽ, എക്യൂമെനിക്കൽ സംഘടനകൾ എന്നിവയിൽ വിവിധ നിലകളിലും മറ്റു ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമായി നിരവധി സമയം ചെലവഴിച്ച വ്യക്തിയാണ്.

വൈസ് ചെയർമാൻമാർ ഡോ. ഈപ്പൻ ഡാനിയേൽ, കൊച്ചുമോൻ വയലത്ത്; വൈസ് പ്രസിഡന്റുമാർ അലക്സ് തോമസ്, ജോബി ജോൺ, ജെയിംസ് പീറ്റർ; ജോയിന്റ് സെക്രട്ടറിമാർ ജോർജ് ഓലിക്കൽ, ജോൺ പണിക്കർ; ജോയിന്റ് ട്രഷറർ ഫിലിപ്പോസ് ചെറിയാൻ; ഐ.ടി ഫെയ്ത്ത് എൽദോ; പ്രോഗ്രാം കോഓർഡിനേറ്റർ കുര്യൻ രാജൻ; മെമ്പർഷിപ്പ് ഗീവർഗീസ് ജോൺ; പിആർഒ കോരാ ചെറിയാൻ; കമ്മിറ്റി അംഗങ്ങൾ പ്രൊഫ കോശി തലക്കൽ, പ്രൊഫ. സാം പനക്കുന്നേൽ, സ്റ്റാൻലി ജോർജ്, പോൾ വർക്കി, വർഗീസ് മറ്റമേൽ, ജോൺ ചാക്കോ, ജേസൺ വർഗീസ്, ജോൺസൺ മാത്യു, ജോസഫ് കുന്നേൽ, അലക്സ് അലക്സാണ്ടർ, ജിജോമോൻ ജോസഫ്, മാർഷൽ വർഗീസ്, ഷാജി സുകുമാരൻ, സാജൻ വറുഗീസ് എന്നിവരാണ് മറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ.

ചെയർമാനായി സാബു സ്കറിയ തുടരും. മുൻ പ്രസിഡന്റ് ഡോ. ഈപ്പൻ ഡാനിയേൽ പുതിയ പ്രസിഡന്റായ സുമോദ് തോമസ് നെല്ലിക്കാലയ്ക്ക് ചുമതല കൈമാറി. മുൻ ജനറൽ സെക്രട്ടറി സുമോദ് ടി. നെല്ലിക്കാല, പുതിയ ജനറൽ സെക്രട്ടറി നിനൻ മത്തായിക്ക് രേഖകൾ കൈമാറി. മുൻ ട്രഷറർ ഫിലിപ്പോസ് ചെറിയാൻ സാമ്പത്തിക രേഖകൾ പുതിയ ട്രഷറർ തോമസ്കുട്ടി വർഗീസിന് കൈമാറി.

# സാൻ ഡിയാഗോയിലെ പള്ളിയിൽ കൂട്ടവെടിവെയ്പ്പ്

**– പി പി ചെറിയാൻ**

കാലിഫോർണിയ: അമേരിക്കയിലെ സാൻ ഡിയാഗോയിലുള്ള ഏറ്റവും വലിയ ഇസ്‌ലാമിക് ആരാധനാലയത്തിന് നേരെയുണ്ടായ ഭീകരമായ ഈ ആക്രമണത്തെ ഇന്ത്യൻ വംശജരായ യു.എസ് കോൺഗ്രസ് അംഗങ്ങൾ ശക്തമായി അപലപിച്ചു.

രാജ്യത്ത് വർദ്ധിച്ചുവരുന്ന ഇസ്ലാമോഫോബിയയ്ക്കും (ഇസ്‌ലാം വിരുദ്ധത) മതപരമായ അക്രമങ്ങൾക്കുമെതിരെ അടിയന്തര നടപടി സ്വീകരിക്കണമെന്ന് പ്രമീള ജയപാൽ, റോ ഖന്ന, രാജാ കൃഷ്ണമൂർത്തി, അമി ബേര എന്നീ ജനപ്രതിനിധികൾ സംയുക്തമായി ആവശ്യപ്പെട്ടു. ജാതിമത ഭേദമന്യേ ഭയമില്ലാതെ ആരാധന നടത്താനുള്ള സ്വാതന്ത്ര്യം ഓരോ മനുഷ്യന്റെയും അവകാശമാണെന്നും, ഇത്തരം വിദ്വേഷ പ്രചാരണങ്ങളെ രാജ്യം ഒറ്റക്കെട്ടായി നേരിടണമെന്നും അവർ വ്യക്തമാക്കി.

# ഇന്ത്യൻ എൻജിനീയേഴ്സ് അസോസിയേഷന്റെ ചാരിറ്റി ഗോൾഫ് ടൂർണമെന്റ് ജൂൺ 7ന്



ഷിക്കാഗോ: അമേരിക്കൻ അസോസിയേഷൻ ഓഫ് എൻജിനീയേഴ്സ് ഓഫ് ഇന്ത്യൻ ഒറിജിന്റെ നാലാമത് ചാരിറ്റി ഗോൾഫ് ടൂർണമെന്റ് ജൂൺ ഏഴിന് ബെൻസിൽവില്ലിലുള്ള വൈറ്റ് പ്ലെയിൻസ് ഗോൾഫ് കോഴ്സിൽ വെച്ച് നടത്തപ്പെടുന്നതാണ്.

അതിന് ശേഷമുള്ള ഡിന്നർ 6 മണിക്ക് ഫ്രാങ്ക്ളിൻ പാർക്കിലുള്ള മഹാരാജാ ഇന്ത്യൻ റെസ്റ്റോറന്റ് ആൻഡ് ബാങ്കിറ്റിൽ വെച്ച് നടത്തപ്പെടുന്നതാണ്. ഏവരേയും ഈ ഇവന്റിലേക്ക് സ്വാഗതം ചെയ്യുന്നതായി സംഘാടകർ അറിയിച്ചു.

ഈ ഇവന്റിന് നേതൃത്വം കൊടുക്കുന്നത് എ.എ.ഇ. ഐ.ഒ പ്രസിഡന്റും ജി.ഇ.ഗ്ലോബൽ ഡയറക്ടറും യു. എസ് ടെക്രോണിക്സിന്റെ പ്രസിഡന്റുമായ ഗ്ലാഡ്സൺ വർഗീസ്, പാൻ ഓഷ്യാനിക് കമ്പനിയുടെ സി.ഇ.ഒ ഗുൽസാർ സിംഗ്, പി.എം.എ ഫ്രിക്ഷൻ പ്രോഡക്ടിന്റെ ചെയർമാൻ ഡോ. പ്രമോദ് വോറ എന്നിവരാണ്.

ഈ ചാരിറ്റി ഗോൾഫ് ടൂർണമെന്റിൽ നിന്നും ലഭിക്കുന്ന ഫണ്ട് സംഘടനയുടെ ചാരിറ്റി ഫണ്ടിലൂടെ നിർധനരായ എൻജിനീയറിംഗ് വിദ്യാർത്ഥികൾക്ക് നൽകുന്നതാണ്.

വൈകുന്നേരം 6 മണിക്ക് ആരംഭിക്കുന്ന ഡിന്നറിൽ വിവിധ കലാപരിപാടികളും ഗാനമേളയും, ടൂർണമെന്റ് വിജയികൾക്കുള്ള ക്യാഷ് പ്രൈസുകളും വിതരണം ചെയ്യും.

ഈ ഗോൾഫ് ടൂർണമെന്റിന് നേതൃത്വം നൽകുന്ന മറ്റ് എ.എ.ഇ.ഐ.ഭാരവാഹികൾ നാഗ് ജയ്സ്വാൾ, സുബ്ബു അയ്യർ, നിതിൻ മഹേശ്വരി, രജീന്ദർ സിംഗ്, മിതുൽ പട്ടേൽ, ഭൂപേന്ദർ സിംഗ്, വീരേന്ദർ കുമാർ എന്നിവരാണ്.

കൂടുതൽ വിവരങ്ങൾക്ക്: 847 648 3300, 708 744 2999.

# 23 കാരനായ ഇന്ത്യൻ വംശജൻ തുഷാർ കുമാർ ഇംഗ്ലണ്ടിലെ കൗൺസിൽ മേയറായി ചുമതലയേറ്റു



ലണ്ടൻ: 23 കാരനായ ഇന്ത്യൻ വംശജൻ തുഷാർ കുമാർ കിഴക്കൻ ഇംഗ്ലണ്ടിലെ എൽസ്ട്രീ ആൻഡ് ബോറെഹാംവുഡ് ടൗൺ കൗൺസിലിന്റെ മേയറായി ചുമതലയേറ്റു. ലണ്ടനിലെ കിംഗ്സ് കോളേജിൽ നിന്ന് പൊളിറ്റിക്കൽ സയൻസ് പഠിച്ചിറങ്ങിയ അദ്ദേഹം യുണൈറ്റഡ് കിങ്ഡത്തിന്റെ ചരിത്രത്തിൽ ഏറ്റവും പ്രായം കുറഞ്ഞ ഇന്ത്യൻ വംശജനായ മേയർ എന്ന റെക്കോർഡ് സ്വന്തമാക്കിയിരിക്കുകയാണ്.

ലേബർ പാർട്ടിയിൽ അംഗമായ തുഷാർ കുമാർ 2023ലാണ് ഈ കൗൺസിലിൽ ചേർന്നത്. അതിനുശേഷം ഡെപ്യൂട്ടി മേയറായും അദ്ദേഹം മികച്ച രീതിയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.ഇത്രയും ചെറിയ പ്രായത്തിൽ ഇ ൗ വലിയ പദവി ലഭിച്ചത് ഒരു വലിയ ബഹുമതിയായി കാണുന്നുവെന്ന് അദ്ദേഹം പറഞ്ഞു. തന്നിൽ പൂർണ്ണ വിശ്വാസമർപ്പിച്ച നാട്ടുകാർക്കും സന്നദ്ധ സംഘടനകൾക്കും സഹപ്രവർത്തകർക്കും അദ്ദേഹം നന്ദി അറിയിക്കുകയും അതുപോലെ തനിക്ക് പിന്തുണ നൽകിയ കുടുംബത്തോടും സുഹൃത്തുക്കളോടും തന്റെ ഹൃദയം നിറഞ്ഞ കടപ്പാടും അദ്ദേഹം രേഖപ്പെടുത്തി.

June 18 – Autistic Pride Day
Promotes awareness about autism.
June 19 – World Sickle Cell Awareness Day
Focuses on genetic blood disorder awareness.
June 20 – World Refugee Day
Honors refugees' strength and resilience.
June 21 – International Day of Yoga
Promotes physical and mental wellness worldwide.
June 21 – World Music Day

# അമേരിക്കൻ മണ്ണിൽ തൃശ്ശൂർ പൂരാവേശം; വെടിക്കെട്ടും ആനയും അമ്പാരിയും ഹൂസ്റ്റണിൽ പെയ്തിറങ്ങി



**– ഡോ. ജോർജ് എം. കാക്കനാട്**

ന്യൂയോർക്ക്: ഇലഞ്ഞിത്തറ മേളത്തിന്റെ പ്രകമ്പനവും കുടമാറ്റത്തിന്റെ വർണ്ണവിസ്മയവും വെടിമരുന്നിന്റെ ഗന്ധവും ആവാഹിച്ചുകൊണ്ട് അമേരിക്കൻ മണ്ണിൽ വീണ്ടുമൊരു മിനി തൃശ്ശൂർ ഉണർന്നു. യു.എസ് തൃശ്ശൂർ പൂരത്തിന്റെ രണ്ടാം പതിപ്പ് പ്രവാസ ലോകത്തിന് നാടിന്റെ ഗൃഹാതുര സ്മരണകൾ ഉണർത്തുന്ന സാംസ്കാരിക വിരുന്നായി മാറി. ജാതിയും മതവും രാഷ്ട്രീയവും മറന്ന് ലോകമെമ്പാടുമുള്ള മലയാളികളെ ഒന്നിപ്പിക്കുന്ന പൂരപ്പെരുമ ഒട്ടും ചോർന്നുപോകാതെയാണ് അന്യനാട്ടിൽ പുനസൃഷ്ടിക്കപ്പെട്ടത്.

പ്രവാസത്തിന്റെ തിരക്കുകൾക്കിടയിലും തങ്ങളുടെ വേരുകളും സംസ്കാരവും പുതിയ തലമുറയ്ക്ക് പകർന്നുനൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ ബൃഹത്തായ പരിപാടി സംഘടിപ്പിച്ചത്. കമ്പ്യൂട്ടർ സ്ക്രീനുകളിൽ മാത്രം ഒതുങ്ങിപ്പോയ വിഷുവും ഓണവും പോലുള്ള പ്രവാസി മലയാളിയുടെ നഷ്ടബോധങ്ങൾക്ക് വിരാമമിട്ടുകൊണ്ട്, വരുംതലമുറയ്ക്ക് കേരളീയ പാരമ്പര്യം നേരിട്ടറിയാനുള്ള വേദിയായി ഈ പൂരാഘോഷം മാറി. ചെണ്ടയുടെ ഓരോ കൊട്ടിലും ഇലത്താളത്തിന്റെ നാദത്തിലും പൂർവ്വികരുടെ നാടൻ തുടികൾ നെഞ്ചേറ്റാൻ നൂറുകണക്കിന് ആളുകളാണ് ഇവിടെ ഒത്തുകൂടിയത്. നാട്ടിൽ നിന്ന് വരച്ചു തയാറാക്കി കൊണ്ടു വന്ന തെച്ചിക്കോട്ട് രാമചന്ദ്രൻ അടക്കമുള്ള ആനകളുടെ രൂപം യഥാർത്ഥ കരിവീരൻമാരോടു കിടപിടിക്കുന്നതായി.

കോർഡിനേറ്റർമാരായ ജിനോ, ജോൺ, പ്രോഗ്രാം കോർഡിനേറ്റർ ഒലിവിയ എന്നിവരുടെ നേതൃത്വത്തിലുള്ള ശക്തമായ അണിയറപ്രവർത്തനമാണ് പരിപാടിയുടെ വിജയത്തിന് പിന്നിൽ പ്രവർത്തിച്ചത്. മുൻവർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം 1500ലധികം ടിക്കറ്റുകളാണ് വിറ്റത്.

തൃശൂർ അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൺ പ്രസിഡന്റ് ധനിഷ സാമിന്റെ ശ്രമഫലമായാണ് ഈ വമ്പൻ പരിപാടി യാഥാർഥ്യമായത്. തൃശൂർ സ്വദേശിനിയായ ധനിഷ സ്വന്തം നാടിന്റെ സംസ്കാരം പ്രവാസി മലയാളികൾക്ക് മാത്രമല്ല തദ്ദേശീയർക്ക് കൂടി കാണുന്നതിനും ആസ്വദിക്കുന്നതിനും വഴിയൊരുക്കാൻ ഉള്ള ശ്രമത്തിന്റെ ഭാഗമായാണ് പൂരവുമായി മുന്നിട്ടിറങ്ങിയത്. ഭർത്താവ് സാം സുരേന്ദ്രനും അസോസിയേഷനിലെ സഹപ്രവർത്തകരും കൂടെ നിന്നപ്പോൾ പൂരാവേശം യുഎസിൽ പെയ്തിറങ്ങി. കുടമാറ്റം ഒഴിച്ചുള്ള പൂര കാഴ്ചകൾ അക്ഷരാർത്ഥത്തിൽ ഹൂസ്റ്റണിനെ പൂര നഗരിയാക്കി മാറ്റി. ഡോ. സതീഷ്, സണ്ണി, ജോൺ പോൾ (സുനിൽ), ജേക്കബ് കണ്ണമ്പുഴ എന്നിവരായിരുന്നു ക്ഷേത്രത്തിന്റെയും ആനകളുടെയും ചുമതലക്കാർ. ഭാര്യയുടെ സ്വപ്നം സഫലമാക്കാൻ രാപകൽ ഇല്ലാതെ ഓടി നടന്ന സൗത്ത് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ജോയിന്റ് സെക്രട്ടറി കൂടിയായ സാമിന് പരിപാടിയുടെ തകർപ്പൻ വിജയം ഇരട്ടി മധുരമായി.

മാസങ്ങളായി ധനിഷയുടെ നേതൃത്വത്തിൽ വലിയൊരു സംഘം നടത്തിയ കഠിനാദ്ധ്വാനമാണ് പൂരം യാഥാർത്ഥ്യത്തിൽ എത്തിച്ചത്. ആകാശത്ത് പൊട്ടിവിരിഞ്ഞ മായക്കാഴ്ചകളും മെഗാ തിരുവാതിരയുമെല്ലാം ആയിരക്കണക്കിന് കാണികളെ ആവേശത്തിലാഴ്ത്തി.

ജുഡീഷ്യൽ ജഡ്ജ് സുരേന്ദ്രൻ പട്ടേൽ, ജിജി ഓലിക്കൻ, ഒനിൽ കുറുപ്പ്, ഡോ. ജോർജ് കാക്കനാട്ട് എന്നിവർ പ്രസംഗിച്ചു. പരിപാടിയുടെ ഭാഗമായി യുഎസിലെ മലയാളി കമ്മ്യൂണിറ്റിയിലെ പ്രധാന വ്യക്തിത്വങ്ങളെ ആദരിച്ചു. ധനിഷ സാമിന് പുറമെ ഭാരവാഹികളായ ലിന്റോ പുന്നേലി, ജോൺ ആന്റണി, കിരൺ ഡേ, മാത്യു എബ്രഹാം, ജിനോ ജോൺസ് പള്ളത്ത്, ജോഷി ചാലിശ്ശേരി, സത്യ സതീഷ്, റെജി അമ്പൂക്കൻ, ചിന്തു പ്രസാദ്, ജോൺ പോൾ, അജിത നവീൻ, ഒലീവിയ വില്ല്യം, ശരത് കൊട്ടാരത്ത്, അതിഥി മേനോൻ എന്നിവരുടെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ് തൃശൂർ അസോസിയേഷന്റെ സാരഥ്യം വഹിക്കുന്നത്.

# സെന്റ് മേരീസിൽ വിദ്യാർത്ഥികൾക്ക് അനുമോദനം



ചിക്കാഗോ: മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദേവാലയത്തിലെ മതബോധന സ്കൂളിലെ ഈ അധ്യയന വർഷത്തെ ക്ലാസ്സുകൾ സമാപിച്ചു. സമാപന ദിനത്തിൽ ഹാജർ നിലയിൽ ഉന്നത നിലവാരം പുലർത്തിയ കുട്ടികളെ അനുമോദിച്ചു.

മെയ് 17ന് 10 മണിക്ക് വിശുദ്ധ കുർബാനക്ക് ശേഷം നടന്ന ചടങ്ങിൽ വികാരി ഫാ.സിജു മുടക്കോടിൽ, അസിസ്റ്റന്റ് വികാരി ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ എന്നിവർ കുട്ടികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. സൺഡേ സ്കൂൾ പ്രിൻസിപ്പൽ സജി പൂതൃക്കയിൽ സമ്മാനാർഹരായ കുട്ടികളെ പരിചയപ്പെടുത്തി.

450ൽ പരം കുട്ടികൾ പഠിക്കുന്ന ഈ മതബോധന സ്കൂളിലെ ഏകദേശം 150ൽപരം കുട്ടികൾ ഹാജർ നിലയിൽ ഉന്നത നിലവാരം പുലർത്തി സമ്മാനത്തിന് അർഹരായി എന്നത് കുട്ടികളും അവരുടെ മാതാപിതാക്കളും മതബോധന വിദ്യാഭാസത്തിനു നൽകുന്ന പ്രാധാന്യത്തിന്റെ ഉദാഹരണമാണെന്നും ഈ നേട്ടത്തിന് അവരെ സഹായിച്ച മാതാപിതാക്കൾക്ക് പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു എന്നും ഫാ. സിജു മുടക്കോടിയിൽ പ്രസ്താവിച്ചു.

തുടർന്ന് സൺഡേ സ്കൂൾ കുട്ടികൾക്കായി ഔട്ട്ഡോർ പിക്നിക്കും ടീച്ചേഴ്സിന് അപ്രീസിയേഷൻ ലഞ്ചും നടത്തി. പരിപാടികൾക്ക് സൺഡേ സ്കൂൾ പ്രിൻസിപ്പൽ സജി പുതൃക്കയിൽ, അസിസ്റ്റന്റ് പ്രിൻസിപ്പൽ മനീഷ് കൈമൂലയിൽ എന്നിവരോടൊപ്പം മറ്റ് മതാധ്യാപകരും ഇടവകയുടെ കൈക്കാരന്മാരായ സേവ്യർ നടുപ്പറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ എന്നിവരും നേതൃത്വം നൽകി.

# ഏറ്റവും പ്രായം കുറഞ്ഞ ബിരുദാനന്തര ബിരുദധാരിയായി 18കാരി ഹന ടെയ്‌ലർ ഷ്‌ലിറ്റ്സ്

**- പി.പി ചെറിയാൻ**

ഡാളസ്: യുഎൻടി ഡാളസ് സർവകലാശാലയുടെ ചരിത്രത്തിൽ ഏറ്റവും പ്രായം കുറഞ്ഞ ബിരുദാനന്തര ബിരുദധാരിയായി 18കാരി ഹന ടെയ്‌ലർ ഷ്‌ലിറ്റ്സ്. പബ്ലിക് ലീഡർഷിപ്പ് ആൻഡ് അഡ്മിനിസ്ട്രേഷനിലാണ് ഹന മാസ്റ്റർ ബിരുദം നേടിയത്.

16-ാം വയസ്സിൽ ടെക്സാസ് വുമൺസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഏറ്റവും പ്രായം കുറഞ്ഞ ബിരുദധാരിയായി ഹന നേരത്തെ റെക്കോർഡ് ഇട്ടിരുന്നു. ആ റെക്കോർഡ് ഇപ്പോൾ മാസ്റ്റർ ബിരുദത്തിലും ആവർത്തിച്ചു.

എത്യോപ്യയിൽ ജനിച്ച ഹനയെ 2008ലാണ് അമേരിക്കൻ ദമ്പതികൾ ദത്തെടുത്തത്. ഹനയ്ക്ക് ജന്മം നൽകിയ അമ്മ ക്ഷയരോഗം ബാധിച്ചാണ് മരിച്ചത്. ശിശുവായിരിക്കെ ഹനയും ഇതേ രോഗത്താൽ മരണത്തോട് പൊരുതിയിരുന്നു.

ദുരന്ത നിവാരണ മേഖലയിൽ പിഎച്ച്ഡി എടുക്കാനാണ് ഹനയുടെ തീരുമാനം. തന്നെപ്പോലെ കഷ്ടതകൾ അനുഭവിക്കുന്നവരെ സഹായിക്കണമെന്നാണ് ഈ മിടുക്കിയുടെ ആഗ്രഹം.

ഹനയുടെ സഹോദരങ്ങളും സമാനമായ രീതിയിൽ ചെറിയ പ്രായത്തിൽ തന്നെ ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കിയവരാണ്. തന്റെ വളർച്ചയിൽ കുടുംബം നൽകിയ പിന്തുണ വലുതാണെന്ന് ഹന പറഞ്ഞു.

# കെ.സി.എസ് ഷിക്കാഗോ ക്നായി തൊമ്മന്റെയും ബിഷപ്പുമാരുടെയും ഓർമ്മ ദിനം ആചരിച്ചു

**- ഷാജി പള്ളിവീട്ടിൽ**

ക്നായി തോമയുടെയും, പൂർവ്വ പിതാക്കന്മാരായ മാർ മാത്യു മാക്കിൽ, മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ, മാർ തോമസ് തറയിൽ, ആർച്ച് ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരി എന്നിവരുടെ ഓർമ്മകൾ ചിക്കാഗോ കെ.സി.എസിന്റെ നേതൃത്വത്തിൽ നടന്നു.

മെയ് 16ന് നടന്ന കെസിഎസ് ജനറൽ ബോർഡിക്കും സോഷ്യൽ ബോഡിക്കും ശേഷം നടന്ന ചടങ്ങുകൾക്ക് കെ.സി.എസ് പ്രസിഡന്റ് ജോസ് ആനമല നേതൃത്വം നൽകി. പൂർവ്വ പിതാമഹന്മാരെ അനുസ്മരിച്ചു കൊണ്ടുള്ള പ്രാർത്ഥനകൾക്ക് റവ. ഫാദർ ജോസ് കുന്നത്തുകിഴക്കേതിൽ നേതൃത്വം നൽകി.

ചടങ്ങുകൾക്ക് ശേഷം, ജോസച്ചൻ മൺമറഞ്ഞു പോയ പൂർവ്വ പിതാമഹൻ ക്നായി തോമ, ക്നാനായ സമുദായത്തിന് നൽകിയ ലീഡർഷിപ്പിനെ കുറിച്ച് സംസാരിക്കുകയും, അദ്ദേഹത്തിന്റെ അവതാനങ്ങളെ വാഴ്ത്തുകയും ചെയ്തു. അതിന് ശേഷം ജോസച്ചൻ പൂർവ്വ പിതാക്കന്മാരായ മാർ മാത്യു മാക്കിൽ, മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ, മാർ തോമസ് തറയിൽ, ആർച്ച് ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരി എന്നിവരെകുറിച്ച് സംസാരിക്കുകയും, ക്നാനായ സമൂഹത്തിന്റെ ഐഡന്റിറ്റി സംരക്ഷിക്കുന്നതിൽ അവർ ജാഗരൂകരായിരുന്നു എന്ന് എടുത്തു പറയുകയും ചെയ്തു.

പങ്കെടുത്തവരെല്ലാം കെ.സി.എസ് എക്സിക്യൂട്ടീവ് ഒരുക്കിയ ലഞ്ച് ആസ്വദിക്കുകയും സമുദായത്തെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന ക്ഷുദ്ര ശക്തികൾക്കെതിരെ പ്രവർത്തനങ്ങൾ ഏകോപിക്കണം എന്നും അഭിപ്രായപ്പെടുകയും ചെയ്തു.

# നോർത്ത് ടെക്സസിൽ കോപ്പർഹെഡ് പാമ്പുകളുടെ ശല്യം രൂക്ഷമാകുന്നു

**- പി പി ചെറിയാൻ**

ടെക്സാസ്: നോർത്ത് ടെക്സസിലെ ഗ്രേപ്പ്‌വിനിലുള്ള ഡെയ്ൻ പാർക്ക് അപ്പാർട്ട്മെന്റ് പരിസരത്ത് വിഷപ്പാമ്പുകളായ സതേൺ കോപ്പർഹെഡ് പാമ്പുകളുടെ ശല്യം വർദ്ധിക്കുന്നതായി റിപ്പോർട്ട്. വനമേഖലയോട് ചേർന്നുള്ള പ്രദേശമായതിനാലും, നിലവിലെ പ്രജനന കാലവും വസന്തകാലത്തെ കാലാവസ്ഥാ വ്യതിയാനവുമാണ് പാമ്പുകൾ ജനവാസ മേഖലയിലേക്ക് ഇറങ്ങാൻ കാരണമെന്ന് വിദഗ്ധർ പറയുന്നു.

പാമ്പുകളുടെ സാന്നിധ്യം വർദ്ധിച്ചതോടെ, ഫ്ലാറ്റിൽ പുതുതായി താമസിക്കാൻ എത്തുന്നവർക്ക് മാനേജ്മെന്റ് പാമ്പുകളിൽ നിന്ന് എങ്ങനെ സ്വയം രക്ഷപ്പെടാം എന്നതിനെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ലഘുലേഖകൾ നൽകിത്തുടങ്ങി.

വളർത്തുനായ്ക്കളുടെ ഭക്ഷണപ്പാത്രങ്ങൾക്ക് സമീപവും പൂച്ചട്ടികളുടെ അടിയിലും പാമ്പുകളെ കണ്ടെത്തിയിട്ടുണ്ട്. പാമ്പുകൾ നായയുടെ ഭക്ഷണം കഴിക്കില്ലെങ്കിലും, ഈ ഭക്ഷണം തേടിയെത്തുന്ന എലികളെയും മറ്റ് ജീവികളെയും ഇരയാക്കാനാണ് ഇവ എത്തുന്നത്. അതിനാൽ വീട്ടുപരിസരത്ത് ഭക്ഷണസാധനങ്ങൾ തുറന്നുവെക്കരുതെന്ന് വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു.

കോപ്പർഹെഡ് പാമ്പുകൾ വിഷമുള്ളവയാണെങ്കിലും ഇവയുടെ കടിയേറ്റുള്ള മരണം വളരെ അപൂർവ്വമാണ്. മനുഷ്യരെ കണ്ടാൽ സാധാരണയായി ഇവ ആക്രമിക്കാറില്ല. അതിനാൽ ഇവയെ ഉപദ്രവിക്കാനോ മാറ്റാനോ ശ്രമിക്കാതെ മാറിനിൽക്കുകയാണ് സുരക്ഷിതമെന്ന് പാമ്പ് പിടുത്ത വിദഗ്ധനായ സക്കറി ഗെൽനർ വ്യക്തമാക്കി.

# 30 വർഷത്തെ സേവനം പൂർത്തിയാക്കി ജോസഫ് ചാണ്ടിയുടെ ഇന്ത്യൻ ജീവകാരുണ്യ ചാരിറ്റബിൾ ട്രസ്റ്റ്



**- പി പി ചെറിയാൻ**

കോട്ടയം/ഡാളസ്: കോട്ടയം ആസ്ഥാനമായുള്ള ഇന്ത്യൻ ജീവകാരുണ്യ ചാരിറ്റബിൾ ട്രസ്റ്റ് (ഐജെസിടി) 30 വർഷത്തെ കാരുണ്യ സേവനം പൂർത്തിയാക്കി. യുഎസ്സിലെ ഡാളസ് നിവാസിയായജോസഫ് ചാണ്ടിയുടെ (മാനേജിംഗ് ട്രസ്റ്റി) നേതൃത്വത്തിൽ, അദ്ദേഹത്തിന്റെ സ്വന്തം സമ്പാദ്യത്തിൽ നിന്നാണ് ഈ ചാരിറ്റി പ്രവർത്തനങ്ങൾക്കുള്ള ഭൂരിഭാഗം ഫണ്ടും കണ്ടെത്തുന്നത്. ഇതുവരെ ഇന്ത്യയൊട്ടാകെ 15,53,64,100 രൂപയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ ട്രസ്റ്റ് നടത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിലാണ് ട്രസ്റ്റ് ഏറ്റവും കൂടുതൽ സംഭാവന നൽകിയിട്ടുള്ളത്. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിനിടെ സ്കൂൾ വിദ്യാർത്ഥികൾക്കും കോളേജ് വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പുകൾ വിതരണം ചെയ്തു.

ഈ സാമ്പത്തിക വർഷത്തിൽ മാത്രം ട്രസ്റ്റ് 87,34,100 രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കി.

കാരുണ്യ സ്പർശം പദ്ധതിയിലൂടെ 280 ബി.പി.എൽ കുടുംബങ്ങൾക്ക് സഹായം നൽകി. ഭിന്നശേഷിക്കാർക്കും എൻ.ജി.ഓകൾക്കുമുള്ള സഹായം: 5,07,000, അനാഥാലയങ്ങളും ചാരിറ്റബിൾ സ്ഥാപനങ്ങളും: 4,00,000, സ്ത്രീ ശാക്തീകരണ പരിപാടികൾ: 3,00,000, പാവപ്പെട്ട കുടുംബങ്ങളെ ദത്തെടുക്കൽ: 3,12,000 (വർഷം തോറും 12,000 വീതം ഏകദേശം 40 കുടുംബങ്ങൾക്ക് നൽകുന്നു), 1,89,500 (30 പേർക്ക് കണ്ണ് ശസ്ത്രക്രിയയ്ക്കും വീൽചെയർ വിതരണത്തിനും സഹായം നൽകി), വിദ്യാഭ്യാസ സ്ഥാപനങ്ങൾ: 1,00,000, സ്വയംതൊഴിൽ പദ്ധതികൾ: 57,000, ഭക്ഷണവും സാമഗ്രികളും: 15,000.

മികച്ച സാമൂഹിക പ്രവർത്തകരെ ആദരിക്കുന്നതിനായി 2024 മുതൽ മദർ തെരേസ ജീവകാരുണ്യ സേവ അവാർഡ് ട്രസ്റ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. ഓൾ ഇന്ത്യ കോഓർഡിനേറ്റർ പ്രൊഫ.ഡോ. എ.കെ. ജനാർദ്ദനൻ, സെക്രട്ടറി ജെയിംസ് ജോസഫ് എന്നിവരും വിവിധ ജില്ലകളിലെ സാമൂഹിക പ്രവർത്തകരും ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

# ചിക്കാഗോ സെന്റ് മേരീസിൽ ലാൻസ് ലൂക്കോസിനും റോയി ചേലമലയ്ക്കും അനുമോദനം



ചിക്കാഗോ: സംസ്ഥാന ദേശിയ അവാർഡ് നേടിയ ലാൻസ് ലൂക്കോസിനെയും ഹെൽത്ത്കെയർ അഡ്മിനിസ്ട്രേഷനിൽ ഡോക്ടറേറ്റ് നേടിയ റോയി ചേലമലയിലിനെയും മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഇടവകയിൽ അനുമോദിച്ചു.

എ ബനാന റിപ്പബ്ലിക് എന്ന തന്റെ ഒറിജിനൽ എഡിറ്റോറിയൽ കാർട്ടൂണിനാണ് ലാൻസ് ഇല്ലിനോയിസ് സംസ്ഥാനത്തും അമേരിക്കൻ ദേശിയ തലത്തിലും അവാർഡ് നേടിയത്. മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഇടവക അംഗങ്ങളായ ലൈജു, അനിറ്റ് ദമ്പതികളുടെ പുത്രനായ ലാൻസ് മെയിൻ ഈസ്റ്റ് ഹൈസ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിയാണ്.

ഷിക്കാഗോയിലെ യൂണിവേഴ്സിറ്റി ഓഫ് ഇല്ലിനോയിസ് മെഡിക്കൽ സെന്ററിൽ റെസ്പിറേറ്ററി, ഹൈപ്പർബാരിക് തെറാപ്പി വിഭാഗങ്ങളുടെ അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ ജോസഫ് റോയി (റോയി ചേലമലയിൽ), ഡോക്ടറേറ്റ് നേടുന്ന ഇല്ലിനോയിസ് സംസ്ഥാനത്തെ ആദ്യ മലയാളി റെസ്പിറേറ്ററി തെറാപ്പിസ്റ്റ് ആണ്. നിലവിൽ സെന്റ് മേരീസ് ക്നാനായ ഇടവകയുടെ പി.ആർ.ഓ ആയി സേവനം അനുഷ്ഠിക്കുന്നു.

മെയ് 10 ഞായറാഴ്ച 10 മണിക്ക് വിശുദ്ധ കുർബാനക്കുശേഷം നടന്ന ചടങ്ങിൽ വികാരി ഫാ. സിജു മുടക്കോടിൽ ലാൻസിനും റോയിക്കും ഇടവകയുടെ അനുമോദനം അറിയിക്കുകയും മൊമെന്റോ നൽകി ആദരിക്കുകയും ചെയ്തു.

അസിസ്റ്റന്റ് വികാരി ഫാ. അനീഷ് മാവേലി പുത്തൻപുരയിൽ, ഇടവകയുടെ കൈക്കാരന്മാരായ സേവ്യർ നടുപ്പറമ്പിൽ, സണ്ണി കണ്ണാല, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ എന്നിവരും തദവസരത്തിൽ സന്നിഹിതരായിരുന്നു.

## റവ. ഇ. ജെ. ജോസഫ്: അജപാലന ശുശ്രൂഷയിലെ ധന്യമായ 44 വർഷങ്ങൾ

**– ബാബു പി. സൈമൺ**



ഡാളസ്: മാർത്തോമ്മാ സഭയുടെ സീനിയർ വൈദികൻ റവ.ഇ.ജെ. ജോസഫിന്റെ 44-ാമത് പൗരോഹിത്യ ശുശ്രൂഷാ വാർഷികം ഡാളസ് സെന്റ് പോൾസ് മാർത്തോമ്മാ ദേവാലയത്തിൽ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ ആഘോഷിച്ചു. മേയ് 17 ഞായറാഴ്ച നടന്ന വിശുദ്ധ കുർബാന മധ്യേ ഇടവക ജനങ്ങളുടെയും സഭാംഗങ്ങളുടെയും സാന്നിധ്യത്തിലായിരുന്നു ആദരിക്കൽ ചടങ്ങ്. ഇടവക വികാരി റവ.റെജിൻ രാജു സഭാംഗങ്ങൾക്ക് വേണ്ടി റവ. ഇ. ജെ.ജോസഫിന് ആശംസകൾ നേർന്നു. ഇ. ജെ. ജോസഫ് അച്ചന്റെ ദീർഘനാളത്തെ മാതൃകാപരവും അത്ഭുതങ്ങൾ നിറഞ്ഞതുമായ സേവനങ്ങളെ റെജിൻ അച്ചൻ യോഗത്തിൽ അനുസ്മരിച്ചു.

ഇലന്തൂർ സ്വദേശിയായ അച്ചന്റെ വിശ്വാസയാത്രയുടെ തുടക്കം സ്വന്തം ഇടവകയായ ഇലന്തൂർ മാർത്തോമ്മാ വലിയ പള്ളിയിൽ നിന്നായിരുന്നു. കോട്ടയം മാർത്തോമ്മാ സെമിനാരിയിലെ ദൈവശാസ്ത്ര പഠനത്തിന് ശേഷം സഭയുടെ വിവിധ മേഖലകളിൽ അദ്ദേഹം ആത്മീയ നേതൃത്വം നൽകി.

അച്ചന്റെ സമർപ്പണം തിരിച്ചറിഞ്ഞ സഭ, ഉപരിപഠനത്തിനായി അദ്ദേഹത്തെ ഒഹായോയിലെ മെത്തഡിസ്റ്റ് തിയോളജിക്കൽ സെമിനാരിയിലേക്ക് അയച്ചു. അവിടെനിന്ന് അഡിക്ഷൻ കൗൺസിലിംഗിൽപ്രത്യേക വൈദഗ്ധ്യം നേടിയ അച്ചൻ, കേരളത്തിൽ മദ്യത്തിനും മയക്കുമരുന്നിനും അടിമയായ ഒട്ടനവധി ജീവിതങ്ങളെ ക്രിസ്തുവിലേക്ക് വഴിനടത്തി.

മോചന ഡീഅഡിക്ഷൻ സെന്ററിന്റെ ഡയറക്ടറായി 11 വർഷക്കാലം സേവനമനുഷ്ഠിച്ച് നൂറുകണക്കിന് കുടുംബങ്ങളിൽ പ്രത്യാശയുടെ വെളിച്ചം പകരാൻ അച്ചന് സാധിച്ചു. തുടർന്ന് എറണാകുളം മാർത്തോമ്മാ ഗൈഡൻസ് സെന്ററിന്റെ ഡയറക്ടറായും, തുമ്പമൺ ശ്രേയസ് ചാരിറ്റബിൾ സൊസൈറ്റിയുടെ ഡയറക്ടർ പദവിയിലിരുന്നും സാമൂഹിക പുനരധിവാസ പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി.

ക്രിസ്തീയ ശുശ്രൂഷയിൽ അച്ചന് എല്ലാവിധ പിന്തുണയുമായി കൊച്ചമ്മ മോളി ജോസഫ് ഒപ്പമുണ്ട്. ഇവർക്ക് രണ്ട് പുത്രന്മാരാണുള്ളത്. മൂത്തമകൻ ജെഹാസ് ജോസഫും കുടുംബവും ബാംഗ്ലൂരിൽ സ്ഥിരതാമസമാക്കിയപ്പോൾ, ഇളയമകൻ ജെഹോഷും കുടുംബവും ഡാളസിലെ ഗാർലൻഡിലാണ് താമസം. ഡാളസിലെ സെന്റ് പോൾസ് മാർത്തോമ്മാ ഇടവകയിലെ സജീവ അംഗങ്ങളാണ് ഇളയമകൻ ജെഹോഷും ഭാര്യ രേഷ്മയും. 44 വർഷത്തെ പൗരോഹിത്യ പൂർത്തീകരണത്തിൽ റവ. ഇ.ജെ.ജോസഫിനും കുടുംബത്തിനും സെന്റ് പോൾസ് മാർത്തോമ്മാ ഇടവകയുടെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും ഇടവകജനങ്ങൾ നേർന്നു.

## ഹരിതോർജത്തിലേക്ക് ലോകം; ചൈനയുടെ ആധിപത്യം ശക്തമാകുന്നു

**– പ്രസാദ് തീയാടിക്കൽ**

ചൈന: മെയ് 17ദി ഗാർഡിയൻ റിപ്പോർട്ട് പ്രകാരം ലോകമെമ്പാടും ഫോസിൽ ഇന്ധനങ്ങളിൽ നിന്ന് ഹരിതോർജത്തിലേക്കുള്ള മാറ്റം വേഗത്തിലാകുന്നതിനിടെ ആഗോള ശക്തിസമവാക്യങ്ങളിലും വലിയ മാറ്റങ്ങൾ ഉണ്ടാകാമെന്ന മുന്നറിയിപ്പുമായി വിദഗ്ധർ. സൗരോർജം, കാറ്റോർജം, ബാറ്ററി നിർമ്മാണം ഉൾപ്പെടെയുള്ള ശുദ്ധോർജ മേഖലകളിൽ ചൈന വൻ മുന്നേറ്റം കൈവരിക്കുകയാണെന്നാണ് റിപ്പോർട്ടുകൾ.

ഹരിതോർജ സാങ്കേതികവിദ്യകളിൽ ചൈനയുടെ വർധിച്ച നിക്ഷേപവും ഉൽപാദന ശേഷിയും ഭാവിയിലെ സാമ്പത്തിക-രാഷ്ട്രീയ സ്വാധീനത്തിൽ നിർണായകമാകുമെന്നാണ് വിലയിരുത്തൽ. അതേസമയം, എണ്ണവാതക അധിഷ്ഠിത സമ്പദ്വ്യവസ്ഥകളുള്ള രാജ്യങ്ങൾ പുതിയ ഊർജ മാറ്റങ്ങൾക്ക് അനുസരിച്ച് നയപരമായ പരിഷ്കരണങ്ങൾ നടത്തേണ്ട സാഹചര്യം ശക്തമാകുന്നതായും റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടുന്നു.

Encourages musical expression globally.
June 25 (Expected*) – Muharram
Marks the Islamic New Year, first month of the Hijri calendar

## 2026 ലെ ഫൊക്കാന സാഹിത്യ പുരസ്കാരം രചനകൾ ക്ഷണിക്കുന്നു

**– ശ്രീകുമാർ ഉണ്ണിത്താൻ**



2026 ലെ ഫൊക്കാന സാഹിത്യ പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതിനായി 2022 ജൂലായ് ഒന്നിനും 2026 ജൂൺ 30 നുമിടയ്ക്ക് ആദ്യ പതിപ്പായി പ്രസിദ്ധീകരിച്ച മൗലിക കൃതികൾ ക്ഷണിക്കുന്നു.

നോർത്ത് അമേരിക്കയിലെ മലയാളം എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനായി നോവൽ, ചെറുകഥ, കവിത, ഹാസ്യം, യാത്രാവിവരണം, ലേഖനം, ഓർമ്മക്കുറിപ്പുകൾ എന്നീ വിഭാഗങ്ങളിൽ കഴിഞ്ഞ നാല് വർഷത്തിനിടെ പുറത്തിറങ്ങിയ കൃതികൾ വിലയിരുത്തി അവാർഡുകൾ നൽകും. നോർത്ത് അമേരിക്കൻ എഴുത്തുകാരുടെ സമഗ്ര സാഹിത്യ സംഭാവനകൾ പരിഗണിച്ചും പ്രത്യേക പുരസ്കാരങ്ങളും നൽകപ്പെടും.

2026 ആഗസ്റ്റ് 6,7,8,9 തീയതികളിൽ പെൻസിൽവാനിയയിലെ കലഹാരി റിസോർട്ടിൽ അരങ്ങേറുന്ന ഫൊക്കാന കൺവെൻഷനിൽ വെച്ച് അവാർഡുകൾ വിതരണം ചെയ്യും. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും അർഹമായ പ്രാധാന്യം നൽകി വിപുലമായ സാഹിത്യസമ്മേളനമാണ് ഫൊക്കാന കൺവെൻഷനിൽ സംഘടിപ്പിക്കുന്നത്.

കേരളത്തിൽ നിന്നുള്ള പ്രമുഖ സാഹിത്യകാരന്മാരും അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന എഴുത്തുകാരും സമ്മേളനത്തിൽ പങ്കെടുക്കും. അടൂർ ഗോപാലകൃഷ്ണൻ, കെ.വി. മോഹൻകുമാർ, ജോസ് പനച്ചിപ്പുറം, പി.പി. ജെയിംസ്, ബെന്നി നായരമ്പലം, ഡോ. പ്രമീളാദേവി, ടി.ഡി. രാമകൃഷ്ണൻ തുടങ്ങിയ നിരവധി ചലച്ചിത്ര സാഹിത്യ പ്രതിഭകൾ സമ്മേളനത്തിൽ പങ്കെടുക്കും.

കോരസൺ വർഗീസ് (ചെയർമാൻ), കെ.കെ. ജോൺസൻ (കോചെയർമാൻ), മുരളി ജെ. നായർ (കോചെയർമാൻ) എന്നിവരുടെ നേതൃത്വത്തിൽ ഫൊക്കാന ചുമതലപ്പെടുത്തുന്ന പ്രഗത്ഭരായ എഴുത്തുകാരുടെ സമിതി ആയിരിക്കും അവാർഡിനർഹരായവരെ തീരുമാനിക്കുക.

പുസ്തകത്തിന്റെ രണ്ട് കോപ്പികൾ 2026 ജൂലായ് അഞ്ചിനു മുൻപ് താഴെ പറയുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

ചെയർമാൻ, ഫൊക്കാന സാഹിത്യ പുരസ്കാര സമിതി, 3 ലെയ്ൻ പ്ലെയ്സ്, പ്ലെയ്ൻവ്യൂ, ന്യൂയോർക്ക് 11803.

## സെൻട്രൽ ഒഹായോ മലയാളി അസോസിയേഷൻ സംഘടിപ്പിച്ച റൺ ഫോർ നിമിൽ ഹൈ കെ റെയ്സ് നടന്നു



**– കിരൺ ജോസഫ്**

ഒഹായോ: മലയാളി സമൂഹത്തിന്റെ ഐക്യവും ആരോഗ്യബോധവും ഉയർത്തിപ്പിടിച്ച് സെൻട്രൽ ഒഹായോ മലയാളി അസോസിയേഷൻ സംഘടിപ്പിച്ച റൺ ഫോർ നിമിൽ ഹൈ കെ റെയ്സ് വിജയമായി. പ്ലെയിൻ സിറ്റിയിലെ മനോഹരമായ ഗ്ലേഷ്യർ റിഡ്ജ് മെട്രോ പാർക്കിൽ നടന്ന പരിപാടിയിൽ കുട്ടികളും മുതിർന്നവരുമടക്കം നൂറിലേറെ പേർ പങ്കെടുത്തു. വിവിധ പ്രായക്കാരായ ആളുകളുടെ സജീവ പങ്കാളിത്തം കൊണ്ട് പാർക്കിൽ ഒരു കൊച്ചു കേരളത്തിന്റെ ഉത്സവാന്തരീക്ഷമാണ് ദൃശ്യമായത്.

രാവിലെ 8 മണിക്ക് രജിസ്ട്രേഷനോടെയാണ് പരിപാടികൾക്ക് തുടക്കമായത്. പങ്കെടുത്തവർക്കായി ആകർഷകമായ ടിഷർട്ടുകളും ഇവിടെ വിതരണം ചെയ്തു. തുടർന്ന് 8:30ന് ആവേശകരമായ ഫ്ളാഗ് ഓഫ് നൽകി. 3 മൈൽ ദൈർഘ്യമുള്ള റണ്ണിന് പുറമെ, കുട്ടികൾക്കായി പ്രത്യേകം തയ്യാറാക്കിയ ചെറിയ ട്രെയിൽ റണ്ണും ഈ പരിപാടിയുടെ പ്രധാന ആകർഷണമായിരുന്നു.

ഐടി പ്രൊഫഷണലും സിനിമാപ്രേമിയും മികച്ച ഫോട്ടോഗ്രാഫറുമായിരുന്ന, ഈ കഴിഞ്ഞ ഏപ്രിലിൽ നമ്മെ വിട്ടുപിരിഞ്ഞ നിമിലിന്റെ സ്മരണാർത്ഥമാണ് ഈ റൺ സമർപ്പിച്ചത്. സമൂഹത്തിൽ ആരോഗ്യകരമായ ജീവിതശൈലിയും കൂട്ടായ്മയും പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം, നിമിലിന്റെ കുടുംബത്തോടുള്ള ഒഹായോ മലയാളി സമൂഹത്തിന്റെ ഐക്യദാർഢ്യവും സ്നേഹവും രേഖപ്പെടുത്തുന്ന ഹൃദയസ്പർശിയായ ചടങ്ങായി ഈ റൺ മാറി.

കമ്മിറ്റി അംഗങ്ങളായ ഓസ്റ്റിൻ പെരെയ്ര, അരുൺചന്ദ്, തോമസ് ഉമ്മൻ, ജെറി സക്കറിയ, രാകേഷ് വിജയകൃഷ്ണൻ, പ്രദീഷ് പുതിയാട്ടിൽ, പ്രമോദ് പുതിയാട്ടിൽ എന്നിവർ നേതൃത്വം നൽകി.

പ്രദീപ് രാമചന്ദ്രൻ, ഓസ്റ്റിൻ പെരേര, പ്രമോദ്, ശ്യാം മോഹൻ, ഗിരീഷ് ശശാങ്കശേഖർ, ഹോളി പോൾ, നിമിലിന്റെ ഭാര്യ കൃഷ്ണ എന്നിവർ പരിപാടിയുടെ വൻ വിജയത്തെ അഭിനന്ദിച്ച് സംസാരിച്ചു.

## ബെൽഗ്രേഡിൽ വൻ പ്രതിഷേധം; വിദ്യാർത്ഥി റാലിക്കിടെ പോലീസുമായി ഏറ്റുമുട്ടൽ

**– പ്രസാദ് തീയാടിക്കൽ**

ബെൽഗ്രേഡ്: സെർബിയയുടെ തലസ്ഥാനമായ ബെൽഗ്രേഡിൽ സർക്കാർ വിരുദ്ധ വൻ പ്രതിഷേധത്തിനിടെ വിദ്യാർത്ഥികളും പോലീസും തമ്മിൽ സംഘർഷമുണ്ടായി. രാഷ്ട്രീയ പരിഷ്കരണങ്ങളും ഭരണകൂടത്തിനെതിരായ ആരോപണങ്ങളുമായി ആയിരക്കണക്കിന് വിദ്യാർത്ഥികൾ നഗരമധ്യത്തിൽ റാലി സംഘടിപ്പിച്ചു.

പ്രതിഷേധം ശക്തമായതോടെ സുരക്ഷാസേന കണ്ണീർവാതകവും നിയന്ത്രണ നടപടികളും സ്വീകരിച്ചതായി അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ചില സ്ഥലങ്ങളിൽ പ്രതിഷേധക്കാർ ബാരിക്കേഡുകൾ തകർക്കാൻ ശ്രമിച്ചതോടെ സ്ഥിതി കൂടുതൽ സംഘർഷഭരിതമായി. സർക്കാരിനെതിരായ അഴിമതി ആരോപണങ്ങളും ജനാധിപത്യ സ്വാതന്ത്ര്യങ്ങളെക്കുറിച്ചുള്ള ആശങ്കകളും പ്രതിഷേധത്തിന് കാരണമായതായി റിപ്പോർട്ടുകളുണ്ട്. സംഭവത്തിൽ നിരവധി പേർക്ക് പരിക്കേറ്റതായും അധികൃതർ അന്വേഷണം ആരംഭിച്ചതായും അറിയിച്ചിട്ടുണ്ട്.

## മികവിന്റെ കിരീടത്തിൽ പൊൻതൂവൽ ചാർത്തി പ്രവാസി മലയാളി പെൺകുട്ടി

– അലൻ ചെന്നിത്തല



പെൻസിൽവാനിയ: ഐവി ലീഗ് സർവകലാശാലയായ യൂണിവേഴ്സിറ്റി ഓഫ് പെൻസിൽവേനിയയിൽ നിന്നും ഉന്നത അക്കാദമിക് ബഹുമതികൾ നേടി പ്രവാസി മലയാളി യുവതി ഡൊറാത്തി ജെയ്ൻ തോമസ് അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധേയയാകുന്നു.

തിരുവനന്തപുരം വെള്ളയമ്പലം സ്വദേശികളായ ആഷിഷ് തോമസിന്റെയും രേഖ തോമസിന്റെയും മകളായ ഡൊറാത്തി, ദുബായിൽ ജനിച്ചുവളർന്ന് പരമ്പരാഗത സ്കൂൾ വിദ്യാഭ്യാസത്തിന് പകരം ഹോംസ്കൂളിംഗിലൂടെയാണ് തന്റെ പ്രാഥമിക പഠനം പൂർത്തിയാക്കിയത്. 2026ലെ വിദ്യാർത്ഥി പുരസ്കാര പട്ടികയിൽ ഇടംപിടിച്ച ഇവർക്ക്, ഓർഗനൈസേഷണൽ ഡൈനാമിക്സ് പ്രോഗ്രാമിലെ മികച്ച അക്കാദമിക് നേട്ടത്തിനുള്ളഫാക്കൽറ്റി അവാർഡ് ലഭിച്ചു. ഏറ്റവും മികച്ച ക്യാപ്സ്റ്റോൺ പൂർത്തിയാക്കുന്ന ബിരുദ വിദ്യാർത്ഥികൾക്ക് ഫാക്കൽറ്റിയുടെ പ്രത്യേക ശുപാർശ പ്രകാരം നൽകുന്നതാണ് ഈ പുരസ്കാരം.

പെൻസിൽവേനിയ സർവകലാശാലയിൽ നിന്ന് 4.0 ജിപിഎയോടെ ഓർഗനൈസേഷണൽ ഡൈനാമിക്സിൽ മാസ്റ്റർ ഓഫ് ഫിലോസഫിയും, നോൺ പ്രോഫിറ്റ് ലീഡർഷിപ്പിൽ മാസ്റ്റർ ഓഫ് സയൻസും എന്നിങ്ങനെ രണ്ട് ബിരുദാനന്തര ബിരുദങ്ങൾ ഡൊറാത്തി പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ,റിച്ചാർഡ് ജെ. എസ്റ്റസ് ഗ്ലോബൽ സിറ്റിസൺഷിപ്പ് അവാർഡും ലഭിച്ചു. പൊതുരംഗത്തെ തടസ്സങ്ങളും നേതൃത്വപാടവവും പ്രമേയമാക്കി തയ്യാറാക്കിയ ഗവേഷണ പ്രബന്ധത്തിന് ഉയർന്ന വിജയം ലഭിക്കുകയും, അത് നിലവിൽ ഒരു പുസ്തകമായി വികസിപ്പിച്ചു വരികയുമാണ്. പഠനകാലത്ത് വിവിധ കോഴ്സുകളിൽ ടീച്ചിംഗ്, റിസർച്ച് അസിസ്റ്റന്റായി സേവനമനുഷ്ഠിച്ച ഡൊറാത്തി, പഠനം പൂർത്തിയാക്കിയ ശേഷം ദുബായിലേക്ക് മടങ്ങാനുള്ള തീരുമാനത്തിലാണ്.

ഹോംസ്കൂളിംഗിലൂടെ ലോകോത്തര നിലവാരത്തിലേക്ക് ഉയർന്ന മൂന്ന് സഹോദരിമാരിൽ ഒരാളാണ് ഡൊറാത്തി. മക്കളുടെ ഉപരി പഠനം അമേരിക്കൻ സിലബസിലാക്കിയ മാതാപിതാക്കളുടെ തീരുമാനം മക്കളുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ചു. ഹാർവാർഡ് സർവകലാശാലയിൽ നിന്ന് ബിരുദാനന്തര ബിരുദം നേടിയ സ്റ്റെഫനിയും, ഇതേ സർവകലാശാലയിലെ വെറ്ററിനറി സ്കൂൾ ഓഫ് മെഡിസിനിൽ മാസ്റ്റേഴ്സ് ചെയ്യുന്ന ഡേറിയനുമാണ് സഹോദരിമാർ. മികച്ച മാർക്ക് നേടിയതിന് ബറാക് ഒബാമയിൽ നിന്ന് സ്റ്റെഫനിയും ജോ ബൈഡനിൽ നിന്ന് ഡേറിയനും അവാർഡ് നേടിയിട്ടുണ്ട്. പഠനത്തോടൊപ്പം യാത്രകൾക്കും പ്രാധാന്യം നൽകിയ ഇവർ ഇതിനകം എൺപതിലേറെ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്.

അമേരിക്കൻ പ്രസിഡന്റുമാരായ ഡൊണാൾഡ് ട്രംപ്, വില്യം എച്ച്. ഹാരിസൺ, പ്രമുഖ വ്യവസായ പ്രമുഖരായ ഇലോൺ മസ്ക്, വാറൻ ബഫറ്റ്, ഗൂഗിൾ സിഇഒ സുന്ദർ പിച്ചൈ എന്നിവർ പഠിച്ചിറങ്ങിയ വിഖ്യാതമായ സർവകലാശാലയാണിത്. സ്കൂൾ വിദ്യാഭ്യാസ രീതിക്ക് പകരം അറിവിനോടുള്ള ആകാംക്ഷയും സ്വയംപഠനശീലവും വളർത്തിയെടുത്ത ഡൊറാത്തിയുടെയും സഹോദരിമാരുടെയും ഈ വിദ്യാഭ്യാസ രീതി നിരവധി വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വലിയ പ്രചോദനമാണ് നൽകുന്നത്.

June 26 – International Day Against Drug Abuse and Illicit Trafficking

Raises awareness about drug abuse.

June 29 – Indian Statistics Day

Honors P.C. Mahalanobis and promotes data awareness

"There is nothing noble in being superior to your fellow man; true nobility is being superior to your former self."

*- Ernest Hemingway*

"Stay afraid, but do it anyway. What's important is the action. You don't have to wait to be confident. Just do it and eventually the confidence will follow." *- Carrie Fisher*

## ശ്രേഷ്ഠ ബാവാ ബസേലിയോസ് ജോസഫ് മലങ്കര മെത്രോപ്പോലീത്താക്ക് ന്യൂയോർക്കിൽ സ്വീകരണം



**– മാത്യുക്കുട്ടി ഈശോ**

ന്യൂജേഴ്സി: കാതോലിക്കാ ബാവായായി സ്ഥാനം ഏറ്റതിന് ശേഷം ആദ്യമായി അമേരിക്കയിലെത്തുന്ന യാക്കോബായ സഭയുടെ ഇന്ത്യയിലെ പരമോന്നത അദ്ധ്യക്ഷനായ ശ്രേഷ്ഠ മോർ ജോസഫ് ബസേലിയോസ് തിരുമേനിക്ക് ജൂലൈ 22ന് വൈകിട്ട് 6 മുതൽ 9 വരെ ന്യൂയോർക്ക് പോമോണാ സഫേർണിലുള്ള ബാങ്ക്വറ്റ് ഹാളിൽ ക്ഷണിക്കപ്പെട്ട സദസ്സിൽ വച്ച് പ്രൗഢോജ്വല സ്വീകരണം നൽകുന്നു.

ന്യൂജേഴ്സി ഓൾഡ് ടാപ്പനിൽ പ്രവർത്തിക്കുന്ന ഭദ്രാസന ആസ്ഥാനത്ത് ജൂലൈ 22 മുതൽ 25 വരെ നടത്തപ്പെടുന്ന നോർത്ത് അമേരിക്കൻ മലങ്കര ആർച്ച് ഡയോസിസ് സിറിയൻ ഓർത്തഡോക്സ് ചർച്ചിന്റെ 37–ാമത് കുടുംബ യുവജന സംഗമത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്നതിനാണ് നിയുക്ത ശ്രേഷ്ഠ കാതോലിക്കാ ബാവാ എത്തിച്ചേരുന്നത്.

നോർത്ത് അമേരിക്കൻ ഭദ്രാസന ആർച്ച് ബിഷപ്പ് അഭിവന്ദ്യ എൽദോ മോർ തീത്തോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിലും ഭദ്രാസന കൗൺസിൽ അംഗങ്ങളുടെ സാന്നിദ്ധ്യത്തിലും കഴിഞ്ഞ ദിവസം ഭദ്രാസന ആസ്ഥാനത്ത് ഇന്ത്യ പ്രസ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ ന്യൂയോർക്ക് ചാപ്റ്റർ നടത്തിയ പത്ര സമ്മേളനത്തിലാണ് ആർച്ച് ബിഷപ്പ് ഇത് പ്രസ്താവിച്ചത്.

വളരെ കലുഷിതമായ സഭാന്തരീക്ഷമായിരുന്നു നാട്ടിലുണ്ടായിരുന്നത്. ഇപ്പോൾ അൽപ്പം ശാന്തതയുണ്ടെങ്കിലും പൂർണ്ണ സമാധാനത്തിലേക്ക് അത് എത്തിയിട്ടില്ല. ഈയൊരു കാലഘട്ടത്തിൽ ദീർഘ കാലം യാക്കോബായ സഭയ്ക്ക് നേതൃത്വം കൊടുത്തത് കാലം ചെയ്ത ശ്രേഷ്ഠനായ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ ആയിരുന്നു. അദ്ദേഹം മെത്രാപ്പോലീത്തയായി അൻപത് വർഷം പിന്നിട്ട ആളായിരുന്നു. പാരമ്പര്യം നിലനിർത്താനായി ആ സ്ഥാനത്തേക്ക് ആര് തിരഞ്ഞെടുക്കപ്പെടും എന്ന് ചെറിയ ആശയക്കുഴപ്പം ആ സമയത്ത് ഉണ്ടായിരുന്നു. ഏതായാലും ദൈവ കൃപയാൽ അന്ന് തിരുമേനി ആയിരുന്ന ജോസഫ് മോർ ഗ്രിഗോറിയോസ് തിരുമേനിയെ സഭ ശ്രേഷ്ഠ ബാവായായി തെരഞ്ഞെടുത്തു. തുടർന്ന് 2025 മാർച്ച് 25ന് ആഗോള പരിശുദ്ധ കാതോലിക്കാ ബാവാ ലെബനോൻ ബെയ്റൂട്ടിൽ വച്ച് അദ്ദേഹത്തെ വാഴിക്കുകയും ചെയ്തു. പ്രസ്തുത സ്ഥാനാരോഹണ ചടങ്ങിൽ ഇന്ത്യയിൽ നിന്നും കേന്ദ്ര സർക്കാർ പ്രതിനിധികളും സംസ്ഥാന സർക്കാർ പ്രതിനിധികളും പങ്കെടുത്തിട്ടുള്ളതാണ്. നോർത്ത് അമേരിക്കൻ ഭദ്രാസനത്തിൽ നിന്നും, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ആ ചടങ്ങിൽ ധാരാളം പേർ പങ്കെടുത്തു. വളരെ പ്രതീക്ഷ നൽകിക്കൊണ്ടാണ് അദ്ദേഹം ശ്രേഷ്ഠ ബാവായായി സ്ഥാനം ഏറ്റത്. കഴിഞ്ഞ വർഷത്തെ കുടുംബ സംഗമത്തിന് വന്ന് ചേരണമെന്ന് ബാവ ആഗ്രഹിച്ചതാണ്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ എത്തിച്ചേരുവാൻ സാധിച്ചില്ല. അതിനാലാണ് ഈ വർഷത്തെ കുടുംബ സംഗമത്തിലേക്ക് ശ്രേഷ്ഠകാതോലിക്കാ ബാവയെ ക്ഷണിച്ചിരിക്കുന്നത്.

ശ്രേഷ്ഠ ബാവായായി സ്ഥാനം ഏറ്റതിന് ശേഷം ആദ്യമായാണ് അമേരിക്കയിലേക്ക് അദ്ദേഹം വരുന്നത്. അതിനാൽ തന്നെ അദ്ദേഹത്തിന് സമുചിതമായ ഒരു സ്വീകരണം നൽകണമെന്നാണ് ആഗ്രഹിക്കുന്നത്. പോമോണാ ബാങ്ക്വറ്റ് ഹാളിൽ വച്ച് ജൂലൈ 22ന് വൈകിട്ട് 6ന് ശ്രേഷ്ഠ കാതോലിക്കാ ബാവയ്ക്ക് സ്വീകരണം നൽകുന്നതിനാണ് ക്രമീകരണങ്ങൾ ചെയ്യുന്നത്. പ്രസ്തുത ചടങ്ങിന് എല്ലാ പൗരസ്ത്യ ഓർത്തഡോക്സ് സഭകളിലെയും ബിഷപ്പുമാരെയും ക്ഷണിച്ചിട്ടുണ്ട്. എത്യോപ്യൻ, ഐറീഷ്യൻ, കോപ്ടിക്ക്, സിറിയൻ, മലങ്കര മാർത്തോമ്മാ തുടങ്ങിയ സഭകളുടെ ബിഷപ്പുമാരെയും മലങ്കര കത്തോലിക്കാ ബിഷപ്പിനെയും ക്ഷണിച്ചിട്ടുണ്ട്. വിവിധ പരിപാടികളോടെയാണ് സ്വീകരണചടങ്ങ് ക്രമീകരിച്ചിരിക്കുന്നത് എന്ന് ആർച്ച് ബിഷപ്പ് പ്രസ്താവിച്ചു.


ഭദ്രാസന സെക്രട്ടറി റവ. ഫാദർ പോൾ തോട്ടയ്ക്കാട്ട്, ജോയിൻറ് സെക്രട്ടറി റവ. ഫാദർ ബ്ലെസ്സൻ കുര്യാക്കോസ്, ഭദ്രാസന ട്രഷറർ സിമി ജോസഫ്, ജോയിന്റ് ട്രഷറർ ബോബി കുര്യാക്കോസ്, ഭദ്രാസന മുൻ സെക്രട്ടറി റവ.ഫാദർ ജെറി, കൗൺസിൽ അംഗങ്ങളായ കോർ എപ്പിസ്കോപ്പ വെരി റവ. ഫാദർ ജോസഫ് സി. ജോസഫ്, റവ. ഫാദർ കുര്യാക്കോസ് പുതുപ്പാടി, അലക്സ് ജോർജ്, ഷെവലിയാർ ജയ്മോൻ സ്കറിയ, റോയി മാത്യു, സാബു സ്കറിയ, ജോയി ഇട്ടൻ എന്നിവരും ഇന്ത്യ പ്രസ് ക്ലബ്ബ് ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡൻറ് സജി എബ്രഹാം, സെക്രട്ടറി മാത്യുക്കുട്ടി ഈശോ, അംഗങ്ങളായ ഈമലയാളി ചീഫ് എഡിറ്റർ ജോർജ് ജോസഫ്, കൈരളി ഡയറക്ടർ ജോസ് കാടാപുറം, 24 ന്യൂസ് കോർഡിനേറ്റർ ബിനു തോമസ്, ഇന്ത്യ പ്രസ് ക്ലബ്ബ് മുൻ നാഷണൽ സെക്രട്ടറി ഷിജോ പൗലോസ് എന്നിവരും പത്ര സമ്മേളനത്തിൽ പങ്കെടുത്തു.



*ക്നായി തോമയുടെയും, പൂർവ്വ പിതാക്കന്മാരായ മാർ മാത്യു മാക്കിൽ, മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ, മാർ തോമസ് തറയിൽ, ആർച്ച് ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരി എന്നിവരുടെ ഓർമ്മകൾ ചിക്കാഗോ കെ.സി.എസിന്റെ നേതൃത്വത്തിൽ നടന്നു.*

## ലാന റീജിയണൽ സമ്മേളനം വാഷിംഗ്ടൺ ഡിസിയിൽ; സക്കറിയ, വി. ജെ. ജയിംസ് തുടങ്ങിയവർ പങ്കെടുക്കും

**– ബാജി ഓടംവേലി, ഡാലസ്**




ലാനയുടെ (ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക) ഈ വർഷത്തെ ത്രിദിന റീജിയണൽ സമ്മേളനം 2026 സെപ്റ്റംബർ 25, 26, 27 (വെള്ളി, ശനി, ഞായർ) തീയതികളിൽ വാഷിംഗ്ടൺ ഡിസിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

മലയാള സാഹിത്യത്തിലെ പ്രശസ്തനായ കഥാകാരൻ സക്കറിയ, നോവലിസ്റ്റും കഥാകാരനുമായ വി. ജെ. ജയിംസ് തുടങ്ങിയവർ വിശിഷ്ട അതിഥികളായി പങ്കെടുക്കുന്നു. സമ്മേളനത്തിൽ പങ്കെടുക്കുന്നവർക്ക് എഴുത്തിനേയും വായനയേയും കുറിച്ച് ചർച്ച ചെയ്യാനും ഈ പ്രശസ്തരായ എഴുത്തുകാരോട് സാഹിത്യത്തേക്കുറിച്ച് സംവദിക്കാനുമുള്ള സുവർണ്ണാവസരം ഉണ്ടായിരിക്കും.

സമ്മേളനത്തിലേക്ക് നോർത്ത് അമേരിക്കയിലെ എല്ലാ സാഹിത്യ തൽപ്പരരേയും ക്ഷണിക്കുന്നതായി സംഘാടകർ പറഞ്ഞു. പങ്കെടുക്കാനായി മുൻകൂട്ടി പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. വേണുഗോപാൽ കൊക്കോടൻ ചെയർമാനായും ഷിനോ കുര്യൻ കൺവീനറുമായുള്ള വിപുലമായ കമ്മിറ്റി ക്രമീകരണങ്ങൾ നടത്തി വരുന്നു.

കൂടുതൽ വിവരങ്ങൾക്ക്: സാമൂവൽ യോഹന്നാൻ (ലാന പ്രസിഡന്റ് 214 435 0124), നിർമല ജോസഫ് (ലാന സെക്രട്ടറി 347 204 0062), വേണുഗോപാൽ കൊക്കോടൻ (ചെയർമാൻ 850 339 7104), ഷിനോ കുര്യൻ (കൺവീനർ 540 692 2300).

## ഇന്റർനാഷണൽ പ്രയർ ലൈൻ പന്ത്രണ്ടാം വാർഷികം ആഘോഷിച്ചു

**– പി പി ചെറിയാൻ**

ഡിട്രോയിറ്റ്: ആഗോളതലത്തിൽ പ്രാർത്ഥനയുടെയും കൂട്ടായ്മയുടെയും സന്ദേശമെത്തിക്കുന്ന ഇന്റർനാഷണൽ പ്രയർ ലൈൻ അതിന്റെ പ്രവർത്തനപഥത്തിൽ പന്ത്രണ്ട് വർഷങ്ങൾ പിന്നിട്ടതിന്റെ കൃതജ്ഞതാ നിർഭരമായ വാർഷികാഘോഷം സംഘടിപ്പിച്ചു.

2026 മെയ് 12 ചൊവ്വാഴ്ച നടന്ന 626–ാമത് സെഷൻ വിശ്വാസികളുടെ വലിയ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. കഴിഞ്ഞ പന്ത്രണ്ട് വർഷക്കാലം ദൈവം നൽകിയ വിശ്വസ്തതയ്ക്കും അനുഗ്രഹങ്ങൾക്കും നന്ദി അർപ്പിക്കാൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ ഫോൺ കോൺഫറൻസിംഗിലൂടെ ഈ സംഗമത്തിൽ അണിചേർന്നു.

വാഷിംഗ്ടൺ ഡി.സി.യിൽ നിന്നുള്ള പ്രമുഖ വചനപ്രഘോഷകൻ റവ. ഫാദർ ഡോ. അലക്സാണ്ടർ കുര്യൻ വാർഷിക സമ്മേളനത്തിൽ മുഖ്യാതിഥിയായിരുന്നു. യെശയ്യാ പ്രവാചകന്റെ പുസ്തകം 16–ാം അധ്യായത്തിന്റെ 22 വാക്യത്തെ ആസ്പദമാക്കി ജീവിതത്തിലെ പ്രതിസന്ധികളിൽ പ്രാർത്ഥനയുടെ പ്രാധാന്യത്തെക്കുറിച്ചും ദൈവിക കരുതലിനെക്കുറിച്ചും അദ്ദേഹം നൽകിയ സന്ദേശം വിശ്വാസികൾക്ക് വലിയ ആത്മീയ ഉണർവ്വേകി.

ഡിട്രോയിറ്റിൽ നിന്നുള്ള സി. വി. സാമുവൽ സമ്മേളനത്തിന് തുടക്കം കുറിച്ചുകൊണ്ട് ഏവരെയും സ്വാഗതം ചെയ്തു. ഹൂസ്റ്റൺ സോവേഴ്സ് ഹാർവെസ്റ്റ് ഇവാഞ്ചലിക്കൽ ചർച്ചിലെ റവ.കെ.ബി.കുരുവിള പ്രാർത്ഥനയ്ക്കും ആശംസകൾക്കും നേതൃത്വം നൽകി.

ബാൾട്ടിമോറിൽ നിന്നുള്ള ശമുവേൽ എ. തോമസ് നിശ്ചയിക്കപ്പെട്ട സങ്കീർത്തനങ്ങൾ 34:19 ഭാഗം വായിച്ചു.

ഫിലാഡൽഫിയയിൽ നിന്നുള്ള ജോസ് തോമസ് ഗാനാലാപനത്തിലൂടെയും ആശംസകളിലൂടെയും ശുശ്രൂഷയിൽ പങ്കുചേർന്നു.

ഐ.പി.എൽ ന്യൂയോർക്കിലെ പാസ്റ്റർ ഡോ. എം. എസ്. സാമുവൽ, ഡാളസിൽ നിന്നുള്ള പി. പി. ചെറിയാൻ എന്നിവർ വാർഷികാഘോഷങ്ങൾക്ക് ആശംസകൾ നേർന്നു.

അറ്റ്ലാന്റയിൽ നിന്നുള്ള എബ്രഹാം മാത്യു (സണ്ണി) പ്രത്യേക പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി.

ഹൂസ്റ്റണിലെ ടി. എ. മാത്യു നന്ദിയും അറിയിപ്പുകളും നടത്തി. തുടർന്ന് റവ. ജേക്കബ് ജോർജ് (ഹൂസ്റ്റൺ) സമാപന പ്രാർത്ഥനയും ആശീർവാദവും നൽകി സമ്മേളനം അവസാനിപ്പിച്ചു. ഷിജു ജോർജ്, ജോസഫ് ടി. ജോർജ് (രാജു) എന്നിവർ സാങ്കേതിക സഹായങ്ങൾ ഏകോപിപ്പിച്ചു. ഐ.പി.എല്ലിന്റെ 627–ാമത് സെഷൻ അടുത്ത ചൊവ്വാഴ്ച (2026 മെയ് 19) നടക്കും. ടൊറന്റോ കനേഡിയൻ മാർത്തോമാ ചർച്ച് വികാരി റവ. സുബിൻ ജോൺ മുഖ്യപ്രഭാഷണം നടത്തും. പന്ത്രണ്ട് വർഷമായി ഐ.പി.എൽ പ്രാർത്ഥനാ ശുശ്രൂഷയെ പിന്തുണയ്ക്കുന്ന എല്ലാവർക്കും ഭാരവാഹികൾ നന്ദി അറിയിച്ചു.

## മുഖ്യമന്ത്രി വി.ഡി. സതീശന് ഐ.ഒ.സി ഡാളസ് ചാപ്റ്ററിന്റെ അഭിനന്ദനങ്ങൾ



**– ബാബു പി സൈമൺ**

ഡാളസ്: കേരളത്തിന്റെ പുതിയ മുഖ്യമന്ത്രിയായി ചുമതലയേൽക്കുന്ന വി.ഡി. സതീശന് ഐ.ഒ.സി ഡാളസ് കേരള ചാപ്റ്റർ ഹൃദയംഗമമായ അഭിനന്ദനങ്ങൾ അറിയിച്ചു.

സത്യസന്ധമായ രാഷ്ട്രീയത്തിന്റെയും ജനകീയ പോരാട്ടത്തിന്റെയും വിജയമാണ് വി.ഡി. സതീശന്റെ സ്ഥാനാരോഹണമെന്ന് ചാപ്റ്റർ പ്രസിഡന്റ് മാത്യു നൈനാൻ അഭിനന്ദന സന്ദേശത്തിൽ പറഞ്ഞു.

ജനാധിപത്യ മൂല്യങ്ങളിൽ വിശ്വസിക്കുന്ന കേരള ജനത ആഗ്രഹിച്ച മാറ്റമാണ് ഇപ്പോൾ യാഥാർത്ഥ്യമായിരിക്കുന്നത്. പ്രതിപക്ഷ നേതാവ് എന്ന നിലയിൽ കഴിഞ്ഞ അഞ്ചു വർഷം അദ്ദേഹം നടത്തിയ ശക്തമായ ഇടപെടലുകളും ക്രിയാത്മകമായ നിലപാടുകളുമാണ് യു.ഡി.എഫിനെ ഉജ്ജ്വല വിജയത്തിലേക്ക് നയിച്ചതെന്ന് ഭാരവാഹികൾ സംയുക്ത പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി.

അഴിമതിയില്ലാത്തതും സുതാര്യവുമായ ഭരണം കേരളത്തിന് നൽകാൻ വി.ഡി. സതീശന്റെ നേതൃത്വത്തിലുള്ള സർക്കാരിന് സാധിക്കുമെന്നും നവകേരളത്തിന്റെ വികസന സ്വപ്നങ്ങൾക്ക് ഈ പുതിയ നേതൃത്വം കരുത്തുപകരുമെന്നും ഐ.ഒ.സി കേരള ചാപ്റ്റർ ചെയർമാൻ സാക്ക് തോമസ് അഭിപ്രായപ്പെട്ടു.

സ്ത്രീകളുടെയും സാധാരണക്കാരുടെയും വലിയ പിന്തുണ ഈ വിജയത്തിന് പിന്നിലുണ്ടെന്നും ഇത് ജനകീയ രാഷ്ട്രീയത്തിന്റെ വിജയമാണെന്നും സെക്രട്ടറി അഞ്ജു ബിജിലി പറഞ്ഞു. യുവജനതയുടെ പ്രതീക്ഷകൾക്ക് ചിറകുനൽകുന്ന ഭരണമായിരിക്കും ഇതെന്നും കേരളത്തിന്റെ ഭാവി ശോഭനമാകുമെന്നും യൂത്ത് പ്രസിഡന്റ് ജോഫി ജേക്കബ് ആശംസിച്ചു.

വി.ഡി. സതീശന്റെ നേതൃത്വത്തിലുള്ള പുതിയ സർക്കാർ പ്രവാസികളുടെ ക്ഷേമത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമെന്നും, പ്രവാസ ലോകത്തിന്റെ പൂർണ്ണ പിന്തുണ സർക്കാരിനുണ്ടാകുമെന്നും ഐ.ഒ.സി ഡാളസ് ചാപ്റ്റർ ഉറപ്പുനൽകി.

## കോട്ടയം സിഎംഎസ് കോളേജ് അലുമ്നി ഹൂസ്റ്റൺ ചാപ്റ്റർ ഉദ്ഘാടനം നടന്നു



**– ജീമോൻ റാന്നി**

ഹൂസ്റ്റൺ: കേരളത്തിലെ ആദ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ ചരിത്രപ്രസിദ്ധമായ കോട്ടയം സിഎംഎസ് കോളേജിന്റെ പൂർവവിദ്യാർത്ഥികളും മുൻ അധ്യാപകരും ഒരുമിച്ചുകൂടിയ അലുമ്നി സംഗമം സൗഹൃദത്തിന്റെയും ഓർമ്മകളുടെയും മനോഹര വേദിയായി മാറി.

മെയ് 12ന് വൈകുന്നേരം 6.30ന് ഗ്രേറ്റർ ഹൂസ്റ്റണിലെ സെന്റ് തോമസ് ചർച്ച് ഫെല്ലോഷിപ്പ് ഹാളിൽ നടന്ന സമ്മേളനത്തിലാണ് സിഎംഎസ് കോളേജ് അലുമ്നി ഹൂസ്റ്റൺ ചാപ്റ്ററിന്റെ ഔദ്യോഗിക ഉദ്ഘാടനം നടന്നത്.

റവ. ദീബു എബി ജോൺ അധ്യക്ഷത വഹിച്ച യോഗത്തിൽ CMS കോളേജിന്റെ മുൻ പ്രിൻസിപ്പൽ പ്രൊഫ. ഡോ. റോയ് സാം ഡാനിയേൽ മുഖ്യാതിഥിയായി പങ്കെടുത്തു.

കോളേജിലെ കെമിസ്ട്രി വിഭാഗത്തിലെ മുൻ പ്രൊഫസറായ പ്രൊഫ. സക്കറിയ ഉമ്മൻ സ്വാഗതം ആശംസിച്ചു. മുൻ സഹപ്രവർത്തകരെയും വിദ്യാർത്ഥികളെയും വീണ്ടും ഒരുമിപ്പിച്ച് പഴയ സൗഹൃദങ്ങൾ പുതുക്കുകയും കോളജ് ജീവിതത്തിലെ മധുരസ്മരണകൾ പങ്കിടുന്നതിനുള്ള വേദിയാകുകയുമാണ് ഈ അലുമ്നി സംരംഭത്തിന്റെ ലക്ഷ്യമെന്ന് അദ്ദേഹം വ്യക്തമാക്കി.

റവ. ദീബു എബി ജോൺ, പ്രൊഫ. ഡോ. റോയ് സാം ഡാനിയേൽ, റവ. ഫാ.ഡോ. ഐസക് ബി. പ്രകാശ്, വി. വി.ബാബുക്കുട്ടി, ജോൺ ചാക്കോ (ജോസ് കോട്ടയം) എന്നിവർ ആശംസകൾ നേർന്നു. പരിപാടിയുടെ ഭാഗമായി ജെയിംസ് മാത്യു അവതരിപ്പിച്ച ഗാനസന്ധ്യയും ശ്രദ്ധേയമായി.

സന്ധ്യയിലെ ഏറ്റവും ഹൃദയസ്പർശിയായ നിമിഷങ്ങളിലൊന്നായി കോളേജിന്റെ മുൻ പ്രിൻസിപ്പലായിരുന്ന പരേതനായ റവ. എം. സി. ജോണിനെ അനുസ്മരിച്ച് ടിറ്റി മാത്യു അവതരിപ്പിച്ച ആദരാഞ്ജലി മാറി. പങ്കെടുത്തവർ കോളജ് ജീവിതത്തിലെ അനുഭവങ്ങളും ഓർമ്മകളും പങ്കുവെച്ചത് സംഗമത്തിന് കൂടുതൽ ആത്മീയതയും ഉല്ലാസവും പകർന്നു.

തുടർന്ന് നടന്ന ബിസിനസ് സെഷനിൽ ഹൂസ്റ്റൺ ചാപ്റ്ററിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി ഭാരവാഹികളെ തെരഞ്ഞെടുത്തു. പ്രൊഫ. സക്കറിയ ഉമ്മനെ രക്ഷാധികാരിയായും ടിറ്റി മാത്യുവിനെ സെക്രട്ടറിയായും തെരഞ്ഞെടുത്തു. പ്രൊഫ. ടോം തോമസ്, വി. വി.ബാബുക്കുട്ടി, ഡോ. ജാൻസി ജേക്കബ്, ശ്രീമതി ഷൈനി ഒമ്മൻ, സുഗു ഫിലിപ്പ് എന്നിവർ ബോർഡ് അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടു.

കോളേജിലെ കെമിസ്ട്രി വിഭാഗത്തിലെ മുൻ പ്രൊഫസറായ പ്രൊഫ. ടോം തോമസ് നന്ദി രേഖപ്പെടുത്തി. തുടർന്ന് എല്ലാവരും പങ്കെടുത്ത സൗഹൃദ വിരുന്നോടെ സമ്മേളനം സമാപിച്ചു.